KERMAL / 2007 / 20808
Registered
KL/TCR/30/2007-2009



പൂജ്യസ്വാമിജി *സമ്മർഗുരുകുലത്തി*ലെ കുട്ടികളോടൊപ്പം (1989). ജംഷഡ്പൂരിലെ പ്രൊഫ. സാഹുവോടും ശ്രീമതി രാജേശ്വരിയോടുമൊപ്പം വന്ന കുട്ടികളും, കേരളത്തിൽനിന്നുള്ള ഭക്തന്മാരുടെ കുട്ടികളും മാ ഗുരുപ്രിയയുടെ സ്നേഹമസൃണപരിരക്ഷണത്തിലാണ് കഴിഞ്ഞിരുന്നത്.

പ്രസിദ്ധീകരണത്തിയതി : പ്രതിമാസം 21ന്

വാർഷികസംഖ്യ: 50ക.

# വിചാരസരണി

ब्रह्मवित् आप्नोति परम्

ഉദാത്തമായ പവിത്രതയും വികാസവും മനസ്സിൽ പ്രതിഷ്ഠിതമാക്കുന്നതിലാണ് അധ്യാത്മജ്ഞാനത്തിന്റെ മഹത്വം. അതിന് അനാശാസ്യമായ ഇടുക്കങ്ങളേയും കല്മഷങ്ങളേയും ഉള്ളിൽനിന്നു തുടച്ചുമാറ്റുകവഴി, എല്ലാ പ്രവൃത്തികളേയും സംശുദ്ധമാക്കയാണ് ആവശ്യം. ഇത്തരം ഉൾപ്പവിത്രതയാണ് എന്ത് ഉത്കർഷത്തിലേയ്ക്കും വഴിതെളിയ്ക്കുക. പരമപാവനയജ്ഞമെന്നു കരുതി കുറെ ആചാരാനുഷ്ഠാനങ്ങളിൽ പിടിച്ചുതൂങ്ങാതെ, ശരിയായ ജിജ്ഞാസു ചെയ്യേണ്ടത്, പ്രവൃത്തികളിലൊന്നുപോലും വേർതിരിച്ചുകാണാതെ, എല്ലാറ്റിനേയും പാവനവും നന്മയരുളുന്നതുമാക്കാൻ ശ്രമിയ്ക്കയാണ്. അങ്ങനെവന്നാൽ എല്ലാവിധ കർമഫലങ്ങളിൽ നിന്നും മനസ്സ് നിർമുക്തമായിക്കൊള്ളും.

**– സ്വാമിജി**

ഒക്ടോബർ 2009 | വോള്യം 3 ലക്കം 4

നാരായണാശ്രമതപോവനം

# വിചാരസരണി

**ഒക്ടോബർ 2009** **വോള്യം 3 ലക്കം 4**

## വിഷയവിവരം

**ഭഗവദ്ഗീതയിലെ അടിസ്ഥാനതത്ത്വങ്ങൾ – 17.22** 02

**പ്രഭാതകിരണങ്ങൾ**
44. ദേഹംക്ഷയിയ്ക്കവേ ആന്തരബലംകൊണ്ടുവേണം ജീവിയ്ക്കാൻ 08

**സുഭാഷിതം**
പ്രവൃത്തിയ്ക്കുള്ള മാനദണ്ഡം 12

**ടെലിസത്സംഗം – 11**
ഈശ്വരനെ ഹൃദയത്തിൽ പ്രതിഷ്ഠിയ്ക്കുക 14

**കത്തും മറുപടിയും**
ആധ്യാത്മികത ലൗകികനിഷ്ഠയ്ക്കു പൂരകം 21

**ആശ്രമലോകത്തെപ്പറ്റി ചില ചിത്രവീക്ഷണങ്ങൾ** 25

**വാർത്തകളും കുറിപ്പുകളും** 27

| വരിസംഖ്യ | വാർഷികം | 3 വർഷം | 6 വർഷം | 12 വർഷം |
|---|---|---|---|---|
| ഭാരതം | 50 രൂപ | 125 രൂപ | 250 രൂപ | 500 രൂപ |
| വിദേശം | 1000 രൂപ | — | 5000 രൂപ | 10000 രൂപ |

ഇതരജില്ലച്ചെക്കുകൾക്കു ബാങ്കുകമ്മീഷനായി 35 രൂപ.
വരിസംഖ്യ അയയ്ക്കുമ്പോൾ 'മലയാളം' എന്നുകൂടി ചേർക്കണം.
**വരിസംഖ്യ പുതുക്കാറായവർ പുതുക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിയ്ക്കണമെന്ന് ഓർമപ്പെടുത്തുന്നു.**

**നാരായണാശ്രമതപോവനം**
വെങ്ങിണിശ്ശേരി, പി.ഒ. പാറളം, തൃശ്ശൂർ, കേരളം – 680 575, ഇന്ത്യ.
ഫോൺ : (0487) 2278363 – 2278302
**email:** ashram1@gmail.com **Website**: http://www.brahmavidya.org

Printed at Sastha Printers, Venginissery, P. O. Paralam 680 575, Thrissur by Swami Bhoomananda Tirtha and Published by him from Narayanashrama Tapovanam, P. O. Paralam 680 575, Thrissur.
Owner & Editor : Swami Bhoomananda Tirtha



ഭഗവദ്ഗീതയിലെ അടിസ്ഥാനതത്ത്വങ്ങൾ – 17.22

## ജ്ഞാനയജ്ഞത്തിന്റെ പാരമ്യത

എന്താണ് അധ്യാത്മജ്ഞാനമെന്നു 18–ാം ശ്ലോകത്തിൽ കൃഷ്ണൻ എടുത്തുപറഞ്ഞിട്ടുണ്ട്. പിന്നത്തെ 6 ശ്ലോകങ്ങളിൽ പ്രവൃത്തികൾ മനസ്സിൽ രചിയ്ക്കുന്ന ഇടുക്കങ്ങളും മറ്റും അലിഞ്ഞു നീങ്ങി, പ്രവർത്തകൻ സ്വച്ഛനും സ്വതന്ത്രനുമായി, ജീവിതവ്യവഹാരങ്ങളെ സഹജമായി കാണുന്നതെങ്ങനെയെന്നു വിവരിച്ചുവല്ലോ. അധ്യാത്മപ്രബോധം വാസ്തവത്തിൽ ജീവിതത്തേയും സമ്പർക്കങ്ങളേയും ബ്രഹ്മമയമാക്കി ദിവ്യപദത്തിലേയ്ക്കുയർത്തുന്നതാണ്. പരബ്രഹ്മമെന്ന അന്തിമസത്യംമാത്രമേ അവിടെ പ്രകാശിയ്ക്കൂ, ഒരുതരം വിക്ഷേപവും ഭ്രംശവും പിന്നെ ഉണ്ടാകില്ല.

അധ്യാത്മജിജ്ഞാസയുടെ ഉദ്ദേശം ഇത്തരം പ്രബുദ്ധജീവിതം സാക്ഷാത്കരിയ്ക്കുന്നതുതന്നെ; എന്നാൽ കൃഷ്ണനു നല്ലപോലെ അറിയാം, ഉത്തുംഗവും സമഗ്രവുമായ ഇവ്വിധം ദർശനവും സ്വാനുഭവവും കൈവരിയ്ക്കുക ജിജ്ഞാസുക്കൾക്ക് എളുപ്പമല്ല. ഓരോരുത്തരിലുമുള്ള ഇച്ഛാശക്തിയ്ക്കും വാസനാബലത്തിനും വ്യത്യാസം കാണും. ഈ കുറവുകൾക്ക് ആരേയും കുറ്റംപറയുകയോ, തരംതാഴ്ത്തുകയോ ചെയ്യുന്നതു ശരിയല്ല. അതേസമയം ആദർശത്തിനു മാറ്റമില്ല, അതു ചോദ്യാവഹവുമല്ല.

ശ്രുതിയെന്ന നിലയ്ക്കു ഭഗവദ്ഗീത അമ്മപോലെയാണല്ലോ. അതിനാൽ അതിന്റെ സന്ദേശം സർവരേയും ആശ്ലേഷിയ്ക്കണം, കൃഷ്ണന് ഇതു വലിയ നിർബന്ധവും നിഷ്കർഷയുമാണ്. അത്യുദാത്തമായ അധ്യാത്മപഥത്തിൽ ഓരോരുത്തന്നും കഴിയുംവിധം പരിശ്രമിയ്ക്കാവുന്നതും, അവനവന്റെ ഹൃദയത്തേയും മനസ്സേയും ഉത്കൃഷ്ടമാക്കാവുന്നതുംതന്നെ.

ഈ അടിസ്ഥാനത്തിലാണ് നമ്മുടെ പുണ്യഭൂമിയിലെ സംസ്കാരം എന്നോ വിവിധ പരിശീലനങ്ങൾക്കു രൂപംനല്കീട്ടുള്ളത്, കൃഷ്ണൻ പറയുന്നു. മതപരം, അധ്യാത്മം, യോഗം, അധ്യയനപരം എന്നിങ്ങനെ പല തപോനുഷ്ഠാനങ്ങളും അച്ചടക്കങ്ങളും വിഭിന്ന തട്ടുകളിലുള്ളവർക്കു ചേരുംവിധം ഇവിടെ ഇന്നും പ്രചാരത്തിലുണ്ട്.

ജനങ്ങൾക്കുള്ള അഭിരുചിയും ചായ്വും വളരെ വ്യത്യസ്തമാണ്, സന്നദ്ധതയും ത്രാണിയുമോ, ഏറെ വിഭിന്നവും. അതിനൊക്കെ യോജിയ്ക്കുംവിധം ഓരോരുത്തന്നും തനിയ്ക്കു ചേർന്ന തപോനുഷ്ഠാനം തിരഞ്ഞെടുത്തു തീവ്രമായി പിന്തുടരാൻ കഴിയണം. വേണ്ടുംവണ്ണം ഉത്സാഹപൂർവം ഇങ്ങനെ ചെയ്യുന്നപക്ഷം,

അതു നല്ല ആരംഭവുമാകും. വിവിധ മലഞ്ചെരുവുകളിലൂടെ ഒഴുകിയിറങ്ങുന്ന നദികൾ ഒരേ സമുദ്രപ്പരപ്പിൽ ചെന്നണയുമ്പോലെ, അനുഷ്ഠാനങ്ങളെല്ലാംതന്നെ അവസാനം ആത്മഗാഢതയിലാണ് എത്തിച്ചേരുക.

അതിനാലാണ് കൃഷ്ണൻ പല അനുഷ്ഠാനങ്ങളേയും പരാമർശിയ്ക്കുന്നത്. ആദ്യമായി വൈദികാചരണത്തെപ്പറ്റി പറയുന്നു. സങ്കീർണമായ ഇത്തരം അഗ്നികർമങ്ങൾക്കു നമ്മുടെ പാവനഭൂമിയിൽ വളരെയേറെ സ്ഥാനവും വിലയും പ്രചാരവും ഇന്നുമുണ്ട്. ജനങ്ങളുടെ മനസ്സിനെ സ്വാധീനിയ്ക്കാൻ ഇവയ്ക്കുള്ള ശക്തി ഏറെയാണ്. ശ്രദ്ധയോടെ വിവേകപൂർവം നടത്തുന്ന ഇത്തരം കർമങ്ങൾ മനസ്സെ ശുദ്ധീകരിച്ച് ഉദാത്തമാക്കാൻ ഇടവരുത്തുന്നു.

വേദങ്ങളിലെ കർമകാണ്ഡത്തെപ്പറ്റിയുള്ള പരാമർശമണിത്. ജ്ഞാനകാണ്ഡം ഇതിലുമേറെ പവിത്രീകരവും ഉദാത്തീകരവുമാണ്. കർമാനുഷ്ഠാനങ്ങളുടെ സ്ഥാനത്ത്, ജ്ഞാനകാണ്ഡത്തിന്റെ ഊന്നൽ മനസ്സും ബുദ്ധിയും വിനിയോഗിച്ചുള്ള പ്രയത്നങ്ങൾവഴി ലക്ഷ്യം നേരിട്ടു നേടുന്നതിലാണ്. ഉപനിഷത്പ്രഖ്യാപനങ്ങൾ ചെവിക്കൊണ്ട് ദ്വന്ദ്വാതീതമായ ബ്രഹ്മതത്ത്വത്തെ ബാഹ്യവും ആന്തരവുമായ എല്ലാ അസ്തിത്വത്തിലും ചലനസ്പന്ദനങ്ങളിലും ദർശിയ്ക്കാൻ ശീലിയ്ക്കുന്നതാണ് ഇതിന്റെ പ്രായോഗികവശം.

**ദൈവമേവാപരേ യജ്ഞം**
**യോഗിനഃ പര്യുപാസതേ**
**ബ്രഹ്മാഗ്നാവപരേ യജ്ഞം**
**യജ്ഞേനൈവോപജുഹ്വതി** (4.25)

അവനവനിൽത്തന്നെ അധിഷ്ഠിതമായ നിയന്ത്രണനിഷ്ഠകളുമായി കഴിയുന്നവരുണ്ട്(4.26). പുറത്തേയ്ക്കു കുതിയ്ക്കുന്ന ഇന്ദ്രിയങ്ങളെ ഇച്ഛാശക്തി വിനിയോഗിച്ചു മെരുക്കി, ഉൾവലിവും നിശ്ചലതയും കൈവരിയ്ക്കാൻ നോക്കുന്നവരാണ് ഇവർ. ഇതിനു സഹായമെന്നനിലയിൽ പ്രവക്താക്കളിൽനിന്നു ശാസ്ത്രങ്ങൾ ശ്രവിച്ചു തത്ത്വവിചാരംചെയ്യുന്നതിലാണ് അക്കൂട്ടർക്ക് അഭിരുചി.

കാലാകാലം പൊതുവേദികളിൽ ശാസ്ത്രേതിഹാസങ്ങൾ വായിച്ചു വ്യാഖ്യാനവിവരണങ്ങൾ നല്കുന്ന പണ്ഡിതന്മാരും പ്രവക്താക്കളും ഇവിടെ ഉണ്ടായിട്ടുണ്ട്. ഇതെല്ലം ചില തപോനുഷ്ഠാനങ്ങളോടെയും അച്ചടക്കങ്ങളോടെയുമാണ് നടക്കുക. ജനങ്ങളിൽ ഇവയ്ക്കൊക്കെ ആവോളം സ്വാധീനമുണ്ട്. വാസ്തവത്തിൽ ശാസ്ത്രപാരായണവും പഠനവും ശ്രവണവും ഭാരതീയർക്ക് ഒരു ഊക്കൻ നങ്കൂരമാണ്.



തത്ത്വകഥാശ്രവണം ഇവിടെ ഒരു സംസ്കാരമായി തുടരുന്നു. ആയിരവും പതിനായിരവും കണക്കിൽ ജനങ്ങൾ കഥനവേദികളിൽ സന്നിഹിതരാകുന്നത് അദ്ഭുതാവഹംതന്നെ.

നേരെ വിപരീതമെന്നോണം, മതാനുഷ്ഠാനങ്ങൾ തീരെ വർജിച്ചു വ്യക്തിഗതാനുഷ്ഠാനങ്ങളിൽമാത്രം നിരതരാകുന്നവരുമുണ്ട്. ദേഹത്തിൽ പെട്ടെന്നു പ്രതിഫലനമുണ്ടാക്കുന്ന ശ്വാസനിയന്ത്രണം ശീലിയ്ക്കുന്നവരാണ് അക്കൂട്ടരിൽ ഒരു വിഭാഗം. ശ്വാസനിശ്വാസങ്ങളെ നിയന്ത്രിയ്ക്കുന്നതോടെ ചിന്തകൾ നേർത്തു സൂക്ഷ്മമായി ഉൾനൈശ്ചല്യം സംഭവിയ്ക്കാം, പരിശീലകന് ആത്മജ്ഞാനത്തിൽ തീവ്രമായ അഭിലാഷം വേണമെന്നുമാത്രം (4.27).

കൃഷ്ണൻ വേറെ ചില യജ്ഞങ്ങളെപ്പറ്റിയും പറയുന്നതു ശ്രദ്ധേയമാണ്. വിവിധപദാർഥങ്ങൾ സമർപ്പിച്ചുകൊണ്ട് നടത്തുന്ന യജ്ഞങ്ങളുണ്ട്. അർജുനൻ വനവാസക്കാലത്തു പാശുപതാസ്ത്രത്തിനു വേണ്ടി ചെയ്തതുപോലുള്ള കഠിന തപോനുഷ്ഠാനവുമുണ്ട്.

യോഗാഭ്യാസവും ഒരുതരം യജ്ഞംതന്നെ. പതഞ്ജലിമഹർഷി വിവരിയ്ക്കുന്നപോലുള്ള മാനസവും ഐന്ദ്രിയവുമായ നിയന്ത്രണങ്ങളടങ്ങുന്ന പ്രാണായാമപ്രത്യാഹാരധാരണാദികളും യജ്ഞം തന്നെ.

ദേഹത്തിലെ വിവിധ അവയവങ്ങളെ ലാക്കാക്കിയുള്ള യോഗാസനങ്ങൾ പരിശീലിയ്ക്കുന്നവർക്ക്, തത്ത്വജ്ഞാനത്തിൽ ആഭിമുഖ്യമുണ്ടെങ്കിൽ, താമസിയാതെ അതുവഴി ആന്തരനൈശ്ചല്യത്തിലേയ്ക്കു ചെന്നെത്താവുന്നതാണ്.

കൃഷ്ണൻ കൂട്ടിച്ചേർക്കുന്നു, തപസ്സും വ്രതവുമായി ശാസ്ത്രങ്ങൾ പഠിച്ച് ഉരുവിടുന്നതും യജ്ഞാനുഷ്ഠാനംതന്നെ. ഇതിലാണ് പലർക്കും താത്പര്യം(4.28).

നമ്മുടെ ശാസ്ത്രങ്ങൾ മനസ്സിനും ബുദ്ധിയ്ക്കുമുള്ള ആകർഷണവും നിർബന്ധവും ആഹ്വാനവുമാണ്. ജ്ഞാനനിധിയായ ശാസ്ത്രങ്ങളെ ജ്ഞാനകുതുകികളായ പലരും ഹാർദമായി ആശ്രയിയ്ക്കാറുണ്ട്. തുടക്കത്തിൽ ബുദ്ധിപരമായ ഒരു അഭ്യാസമായാലും, ആത്മാർഥമായി പിന്തുടരുന്നപക്ഷം അതിനാലുണ്ടാവുന്ന മാറ്റം ഗണ്യവും ഗാഢവുമാകാം.

നമ്മുടെ പാഠശാലകളിൽ വർഷങ്ങളോളമുള്ള അധ്യയനം അവസാനിയ്ക്കുമ്പോൾ അധ്യേതാക്കൾ നൈഷ്ഠികബ്രഹ്മചര്യം സ്വീകരിയ്ക്കുന്ന പതിവുണ്ട്. പക്ഷേ ആജീവനാന്തമുള്ള ജ്ഞാനതപോനിഷ്ഠയോട് ആഭിമുഖ്യമുള്ള ഇത്തരം വിദ്യാർഥികൾ എന്നും കുറവേ ആകൂ. **നൈഷ്ഠികബ്രഹ്മചര്യം സംന്യാസത്തിന്റെ മുന്നോടിയാണ്. ഏറ്റവും ഉത്കൃഷ്ടമായ വ്രതാനുഷ്ഠാനമാണ് ഇത്.**

ശ്വാസം അകത്തോ പുറത്തോ പിടിച്ചുനിറുത്തുന്ന ആന്തരബാഹ്യകുംഭകങ്ങൾ അടങ്ങുന്ന പ്രാണായാമത്തെപ്പറ്റിയും കൃഷ്ണൻ പരാമർശിയ്ക്കാൻ വിട്ടുപോയിട്ടില്ല. രണ്ടിനും ദേഹത്തിലും മനസ്സിലും നിർണായകമായ പ്രതിഫലനം കാണാം.

ഇതിനുപുറമെയാണ് ശ്വാസം പിടിച്ചുനിർത്താതെ, ശ്വാസോച്ഛ്വാസങ്ങൾ ക്രമീകരിച്ചു സമമാക്കുന്ന ശ്വാസസമീകരണയജ്ഞം. ശ്വാസനിശ്വാസങ്ങളുടെ കനവും വേഗതയും കുറഞ്ഞു സമമാകുന്നതോടൊപ്പം മനസ്സും അതുപോലെയാകുന്നു.

ഇങ്ങനെ പലതരം പരിശീലനങ്ങളും നിഷ്ഠകളും ചുരുക്കി വിവരിച്ചശേഷം കൃഷ്ണൻ തെളിച്ചുപറയുന്നു, അവയെല്ലാംതന്നെ യജ്ഞമാണ്, അതിനൊത്ത പവിത്രതയും അവയ്ക്കുണ്ട്. ആത്മാർഥമായി അനന്യഭാവത്തോടെ അനുധാവനം ചെയ്യുന്നവർക്കു ക്രമത്തിൽ പരമജ്ഞാനസിദ്ധി നേടിത്തരാനുള്ള കഴിവ് ഈ വിവിധ യജ്ഞങ്ങൾക്കുണ്ട്. മനുഷ്യജീവിതം അർഥവത്താകാൻ അധ്യാത്മപ്രഭാവമുള്ള ഇത്തരം എന്തെങ്കിലും പരിശീലനം ആവശ്യമാണ്.

ഈ വസ്തുത മനസ്സിലാക്കാതെ, യജ്ഞത്തിനും അധ്യാത്മജ്ഞാനലാഭത്തിനുമുള്ള ആഹ്വാനം ചെവിക്കൊള്ളാതെ, വാഴുന്നവൻ നഷ്ടാത്മാവുതന്നെ. അവന് ഇഹലോകസന്തോഷം മാത്രമല്ല, പരലോകനേട്ടങ്ങളും നഷ്ടപ്പെടുന്നു.

**തനിയ്ക്കു ധന്യത കൈവരിച്ചുകൊണ്ടും, ലോകത്തിനു നന്മ അണച്ചുകൊണ്ടുമാണ് നല്ല മനുഷ്യൻ ജീവിയ്ക്കേണ്ടത്. അപ്പോഴേ അതുംവിട്ടുള്ള പരമമായ അർഹതയെപ്പറ്റി ചിന്തിയ്ക്കാനാവൂ.** ഇതിൽ കൃഷ്ണൻ നല്കുന്ന മുന്നറിയിപ്പു സുപ്രധാനംതന്നെ.

**യജ്ഞശിഷ്ടാമൃതഭുജോ**
**യാന്തി ബ്രഹ്മ സനാതനം**
**നായം ലോകോ൅സ്ത്യയജ്ഞസ്യ**
**കുതോ൅ന്യഃ കുരുസത്തമ** (4.31)

യജ്ഞംചെയ്ത് അമൃതശിഷ്ടം ഭുജിയ്ക്കുന്നവർ ശാശ്വതബ്രഹ്മത്തെ പ്രാപിയ്ക്കുന്നു. യജ്ഞഭാവമോ യജ്ഞാനുഷ്ഠാനമോ ഇല്ലാത്തവന് ഈ ലോകത്തിലെതന്നെ ഗുണമേന്മകൾ നഷ്ടപ്പെടുമ്പോൾ, മറ്റു ലോകത്തിലേതു കൈവരുന്നതെങ്ങനെ?

കഴിഞ്ഞ അധ്യായത്തിലും കൃഷ്ണൻ യജ്ഞത്തോടു വൈമനസ്യമോ വിരോധമോ ഉള്ളവരെ ശക്തമായി നിഷേധിയ്ക്കയുണ്ടായി. പ്രജാപതിതന്നെ മനുഷ്യരെ യജ്ഞംചെയ്യാൻ നിയോഗിച്ചിട്ടുണ്ട്, പരോപകാരപ്രദവും സ്വയംപൂരകവുമായ യജ്ഞാനുഷ്ഠാനത്തെ വിശ്വാസാദരവോടെ അനുവർത്തിയ്ക്കയാണ് ആവശ്യം. യജ്ഞത്താൽ അനുഗൃഹീതവും ധന്യവുമാകുന്ന ജീവിതം എല്ലാ കല്മഷങ്ങളും വെടിയുന്നു. മറിച്ച്, യജ്ഞത്തിന്റെ മേന്മയേയും മഹത്വത്തേയും നിന്ദിച്ച് അവരവർക്കുമാത്രംവേണ്ടി, ചുറ്റുമുള്ളവരെപ്പറ്റി തെല്ലും ആലോചിയ്ക്കാതെ, ഭക്ഷണം പാകംചെയ്യുന്നവർ വെറുംപാപമാണ് ഭുജിയ്ക്കുന്നത് (3.13).



അതുതന്നെയാണ് കൃഷ്ണൻ ഇവിടെയും ഊന്നിപ്പറയുന്നത്. പക്ഷേ മനുഷ്യജീവിതത്തെ സാർഥകമാക്കുന്ന പരമജ്ഞാനത്തിന്റെ ഭാഗമായാണ് ഇവിടെ യജ്ഞത്തെ വിലയിരുത്തുന്നതെന്നുമാത്രം. അധ്യാത്മജ്ഞാനത്തിന്റെ വിലയും മഹത്വവും വെളിപ്പെടുന്നത്, മനസ്സിൽനിന്നു നിന്ദാർഹമായ ഇടുക്കങ്ങളേയും കല്മഷങ്ങളേയും തുടച്ചുമാറ്റി, ഉദാത്തമായ പവിത്രതയും വികാസവും അതിൽ പ്രതിഷ്ഠിയ്ക്കുമ്പോഴാണ്. ഇത് എല്ലാ പ്രവൃത്തികളേയും സംശുദ്ധമാക്കും.

പതിനെട്ടാമധ്യായത്തിൽ കൃഷ്ണൻ വീണ്ടും വ്യക്തമാക്കുന്നു, **യജ്ഞവും ദാനവും തപസ്സും അനിവാര്യമാണ്, വ്യക്തിയുടേയും സമാജത്തിന്റേയും നന്മയും ഉന്നതിയും ഇവയിലാണ് നിലകൊള്ളുന്നത്. അതിനാൽ ഒരിയ്ക്കലും അവയെ അനാദരിയ്ക്കയോ ഉപേക്ഷിയ്ക്കയോ അരുത്. ഭഗവദ്ഗീതയുടെ മുഖ്യസന്ദേശമാണ് യജ്ഞം.**

അടുത്ത ശ്ലോകത്തിൽ കൃഷ്ണൻ കർമയോഗസന്ദേശത്തിലേയ്ക്കും യോഗബുദ്ധിയിലേയ്ക്കും തിരിച്ചുവരുന്നു.

**ഏവം ബഹുവിധാ യജ്ഞാ**
**വിതതാ ബ്രഹ്മണോ മുഖേ**
**കർമജാൻ വിദ്ധി താൻ സർവാ-**
**നേവം ജ്ഞാത്വാ വിമോക്ഷ്യസേ** (4.32)

ശാസ്ത്രങ്ങൾ (വേദങ്ങൾ) ഇങ്ങനെ പല യജ്ഞങ്ങളേയും പ്രാമുഖ്യത്തോടെ വിവരിയ്ക്കുന്നുണ്ട്; എന്നാൽ സൂക്ഷ്മമായി പരിശോധിച്ചാൽ, ഇവയെല്ലാം കർമരൂപവും, കർമവിശേഷവുംതന്നെ. എന്നുവെച്ചാൽ കർമവും കർമത്തിന്റെ പരിണതഫലവുമാണ് എല്ലാം. ഈ സത്യം നന്നായി ഗ്രഹിയ്ക്കുന്നത് ഒരുവൻ മുക്തനും സ്വതന്ത്രനുമാകാൻ കാരണമാകും.

കൃഷ്ണൻ ഇവിടെ അർഥമാക്കുന്നതെന്തെന്നു ചിന്തിയ്ക്കുന്നതു നന്ന്. യജ്ഞങ്ങൾ വിവിധമാണ്, മതപരം, അധ്യാത്മം, അധ്യയനപരം തുടങ്ങിയവ. ഇവയിലുള്ള വൈവിധ്യം എന്തോ ആകട്ടെ, അവയെല്ലാംതന്നെ ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി എന്നിവയുടെ വിവിധ ചലനങ്ങളും പ്രവൃത്തികളുമാണ്. ഈ അടിസ്ഥാനത്തിൽ

എല്ലാ യജ്ഞങ്ങളും കർമംതന്നെ. പ്രകൃത്യാ, അവയൊക്കെ പ്രവൃത്തിയെക്കുറിച്ചുള്ള അപഗ്രഥനത്തിനും ദർശനശാസ്ത്രത്തിനും വിധേയമാണല്ലോ.

**കർമണി അകർമ പശ്യേത്**, സർവപ്രവൃത്തികളിലും പ്രവൃത്തിരാഹിത്യത്തെ ദർശിയ്ക്കയാണ് ശരിയായ തത്ത്വദർശനമെന്നു കൃഷ്ണൻ അസന്ദിഗ്ധമായി പറഞ്ഞുകഴിഞ്ഞു. ഇനിയൊരുവിധം പറഞ്ഞാൽ, **നിശ്ചലമായ ആത്മാവിനെ എല്ലാറ്റിലും എപ്പോഴും തിരിച്ചറിയുന്നതാണ് തത്ത്വദർശനരഹസ്യം**. ഇത് ഒരുവനെ കൃത്സ്നകർമകൃത്താക്കുന്നു, എന്നുവെച്ചാൽ സർവകർമങ്ങളും ചെയ്യുന്നവനാക്കുന്നു. അങ്ങനെയൊരു തത്ത്വജ്ഞനു പ്രത്യേകം പൂജയോ, ആരാധനയോ യാഗമോ എന്താണാവശ്യം?

മൂന്നാമധ്യായത്തിൽ (17,18) കൃഷ്ണൻ വിവരിയ്ക്കയുണ്ടായി. ജ്ഞാനിയുടെ അന്ത:സ്തൃപ്തി അദ്ദേഹത്തെ എല്ലാ കർത്തവ്യങ്ങളിൽനിന്നും, ഇടപാടുകളിൽനിന്നും പിടിച്ചുയർത്തുന്നു, അതുവഴി തന്റെ ജീവിതത്തെതന്നെ ഒരു മംഗളപ്രവാഹമാക്കയാണ്.

ഒരുകൂട്ടം ആചാരാനുഷ്ഠാനങ്ങളിൽമാത്രം, അവ പരമപാവനമായ യജ്ഞമാണെന്നു കരുതി, പിടിച്ചുതൂങ്ങാതെ, ശരിയായ ജിജ്ഞാസു, സാധകൻ, എല്ലാ പ്രവൃത്തികളേയും ഒരുപോലെ കണ്ട്, അവ ഓരോന്നിനേയും പവിത്രവും നന്മയരുളുന്നതുമാക്കാൻ ശ്രമിയ്ക്കയാണ് ആവശ്യം. ഇങ്ങനെ ചെയ്യുന്നതിൽ, എല്ലാവിധത്തിലുള്ള കർമഫലങ്ങളിൽനിന്നും പരിണാമങ്ങളിൽനിന്നുമുള്ള വിരാമം, മോക്ഷം, കൈവരും.

ഉള്ളിടുക്കം, കാർപണ്യദോഷം, വിട്ടു ജിജ്ഞാസു ഹൃദയവികാസവും പരസേവനവ്യഗ്രതയും വളർത്തണമെന്നുതന്നെ കൃഷ്ണൻ ഉറപ്പിയ്ക്കുന്ന പ്രധാനതത്ത്വം. ഏതെങ്കിലും യജ്ഞമോ മറ്റോ ചെയ്യുന്നതല്ല ഇതിനു പ്രധാനം. വ്യക്തിത്വത്തിനാകെ വികാസവും തെളിച്ചവും നേർമയും ഉദാത്തതയും കൈവരുത്തുകയാണ് വേണ്ടത്.

കൃഷ്ണൻ ഇനി നടത്തുന്ന വിലയിരുത്തൽ അതീവ ശ്രദ്ധേയമാണ്. **ജിജ്ഞാസുവിന്റെ മനസ്സ് എല്ലാവിധത്തിലുള്ള കർമാനുഷ്ഠാനങ്ങളും വിട്ടുയരണമെന്ന് ഊന്നിപ്പറയുന്നു. അതിനായി ദ്രവ്യയജ്ഞം ജ്ഞാനയജ്ഞം എന്നീ രണ്ടിൽ, ജ്ഞാനയജ്ഞം ദ്രവ്യയജ്ഞത്തേക്കാൾ എത്രയോ ശ്രേഷ്ഠമാണെന്ന സിദ്ധാന്തം അവതരിപ്പിയ്ക്കയും ചെയ്യുന്നു.**

- തുടരും






## 44 ദേഹം ക്ഷയിയ്ക്കവേ ആന്തരബലം കൊണ്ടുവേണം ജീവിയ്ക്കാൻ

21 ആഗസ്റ്റ് 2009

[മാതാജിയുടെ 60-ാം ജന്മദിനം വളരെ ലളിതവും തപോനിഷ്ഠവുമായ രീതിയിൽ ആചരിയ്ക്കണമെന്നു തൃശ്ശൂരിലെ ചിലഭക്തർ അഭിലഷിച്ച്, മാലകളും പൂക്കളുമായി പുലർച്ചെ എത്തി. മാതാജി നമസ്കരിയ്ക്കുംമുമ്പ് മാല സ്വാമിജിയ്ക്കു ചാർത്തി താമരപ്പൂക്കൾ പാദങ്ങളിൽ സമർപ്പിച്ചു. പിന്നീടു നൂതൻസ്വാമിജിയ്ക്കും മാതാജിയ്ക്കും ഭക്തർ ഹാരാർപ്പണം നടത്തി. തുടർന്നു പൂജ്യസ്വാമിജി ചെയ്ത അനുഗ്രഹപ്രവചനത്തിന്റെ സംക്ഷിപ്ത രൂപം.]

**ഹരിഃ ഓം തത് സത്**. ജയ് ഗുരു. ആശ്രമത്തിൽ ഇതേപോലുള്ള വിശേഷദിവസങ്ങൾ ഇടക്കിടെ ഉണ്ടാവണമെന്നാണ് എന്റെ അഭിപ്രായം. എങ്കിലേ നിങ്ങളിൽ പലരും ഇവിടെ വരൂ.

ജനിച്ചതുമുതൽ ദേഹം വളർന്നു പ്രായപൂർത്തിയെത്തുന്നു. അനന്തരം ദിനംപ്രതി ദേഹക്ഷയമാണ് സംഭവിയ്ക്കുന്നത്. പോഷകാഹാരത്തോടൊപ്പം വ്യായാമവും ശീലിച്ചാൽ ആരോഗ്യത്തോടെ ജീവിയ്ക്കാനാകുമെന്ന് എനിയ്ക്കു തോന്നുന്നു; എന്നാൽ അധികംപേരും ഇക്കാര്യം അത്ര ഗൗരവമായി പരിഗണിച്ചുകാണാറില്ല. രോഗം പിടിപെടുംവരെ കാത്തിരുന്നു ചികിത്സ തേടുകയാണ് പതിവ്. അസുഖം ബാധിയ്ക്കുന്നതിനു വളരെമുമ്പുതന്നെ, ചിട്ടയും പോഷണവും വ്യായാമവുംവഴി ദേഹത്തെ സംരക്ഷിയ്ക്കയാണ് ശരിയായ രീതി.

ശാസ്ത്രസാങ്കേതികപരിജ്ഞാനം വർധിച്ചതോടെ നമ്മുടെ ആരോഗ്യബോധം നന്നേ മെച്ചപ്പെട്ടിട്ടുണ്ട്. രോഗം പെട്ടെന്നു തിരിച്ചറിയാൻ സാധിയ്ക്കുന്നു, ഗവേഷണങ്ങളിലൂടെ ഒട്ടനവധി ഔഷധങ്ങൾ വികസിപ്പിച്ചെടുക്കാനും കഴിഞ്ഞിട്ടുണ്ട്. സാധാരണഗതിയിൽ, മരുന്നു കഴിയ്ക്കാൻ എനിയ്ക്ക് അത്ര താത്പര്യമില്ല, ചിലപ്പോൾ വൈമനസ്യംപോലും തോന്നാറുണ്ട്; എന്നാൽ ഇപ്പോൾ മരുന്നുകളെ ഭക്ഷണംപോലെതന്നെ ഗണിയ്ക്കുന്നതാണ് എന്റെ കാഴ്ചപ്പാട്. മരുന്നിനെ വിശേഷഭക്ഷണമെന്നു പറയാം. ദേഹത്തിനു ഭക്ഷണംപോലെ, ആരോഗ്യത്തിനു മരുന്നുകളും അത്യാവശ്യംതന്നെ.

ശരീരം എന്നും കരുത്തുറ്റ്, ആരോഗ്യപ്രദമായി തുടരില്ലെന്നു നമുക്കറിയാം. ചിലർക്കു രോഗത്തെ പെരുപ്പിച്ചുകാണുന്ന ശീലമുണ്ട്. അക്കൂട്ടർ എപ്പോഴും ആവലാതി പറഞ്ഞുകൊണ്ടേയിരിയ്ക്കും. വിഷമങ്ങളെ ഊതിവീർപ്പിയ്ക്കേണ്ടതില്ല, അതേസമയം അവഗണിയ്ക്കയും വേണ്ട.

ദേഹത്തിനു പ്രായംചെല്ലുന്തോറും, നമ്മെ കൂടുതല്ക്കൂടുതലായി തുണയ്ക്കേണ്ടതു മനസ്സിന്റെ ആരോഗ്യമാണെന്നു ഞാൻ എപ്പോഴും പറയാറുണ്ട്. **മനസ്സെ സംബന്ധിച്ചിടത്തോളം പ്രായം അനുകൂല ഘടകമാണ്**. പ്രായത്തിനൊത്തു മനസ്സ് വികാസം ആർജിയ്ക്കുന്നു. അറുപതുവയസ്സായ ആൾക്കു കാര്യങ്ങൾ സ്വാംശീകരിയ്ക്കാനും, ചുറ്റുപാടുകളോടു പൊരുത്തപ്പെടാനും, വിഷമങ്ങൾ സഹിയ്ക്കാനുമുള്ള പരിചയവും തയ്യാറും ഇരുപത്തഞ്ചുകാരനിലേക്കാൾ അധികമാകും.

**ദേഹത്തിനുമുഴുവൻ രൂപംനല്കി രക്ഷിച്ചുപോരുന്നത് അതിന്നുള്ളിലെ ചേതനാവൈഭവമാണ്. ചേതന ദ്രവ്യോർജവിലക്ഷണമാണ്. ദേഹത്തെ ചലനാത്മകവും ഊർജസ്വലവുമാക്കുന്നത് അതുതന്നെയാണ്**. ഇതേക്കുറിച്ചു നിങ്ങൾ മനനം ചെയ്യണമെന്നാണ് എനിയ്ക്കു പറയാനുള്ളത്. നമ്മുടെ തലച്ചോറ്, കണ്ണുകൾ, ചെവി, അല്ല, സമസ്തദേഹവും അവയവങ്ങളുമെല്ലാംതന്നെ രൂപപ്പെടുത്തുന്നത് ഉള്ളിലെ ആത്മസാന്നിധ്യമാണ്. ശരീരത്തെ സൃഷ്ടിച്ചു പരിപാലിയ്ക്കുന്നതും അതിനു നാശംവരുത്തുന്നതുമെല്ലാം ഈ ഉൾസാന്നിധ്യംതന്നെ.

ലോകവസ്തുക്കളുടെ സൃഷ്ടിസ്ഥിതിസംഹാരങ്ങളെക്കുറിച്ചു നാം പറയാറുണ്ട്; എന്നാൽ നമ്മുടെ ദൈഹികമാനസബൗദ്ധതലങ്ങളിലും ഇതേപ്രക്രിയ നിരന്തരം നടക്കുന്നു. ദിവസേന എത്ര കോശങ്ങളാണ് പുതുതായി ഉണ്ടാകുന്നത്. അവയിൽ എത്രയെത്ര അനുക്ഷണം നശിയ്ക്കുന്നു. മനസ്സിൽ എത്ര ചിന്തകളാണ് ഉയർന്നുതാഴുന്നത്.

ഇതൊക്കെ ആര് സൃഷ്ടിയ്ക്കുന്നു, നിയന്ത്രിയ്ക്കുന്നു? ഒറ്റ ഉത്തരമേയുള്ളൂ. **എല്ലാറ്റിന്റേയും മൂലം ദേഹത്തിലെ ആത്മസാന്നിധ്യമാണ്. ആത്മവിശ്വാസത്തോടെ അതിനെ ആശ്രയിയ്ക്കൂ. അർഹമായ സ്ഥാനവും പ്രാധാന്യവും നല്കി അതിന്റെ സഹായവും ശക്തിയും ആർജിയ്ക്കൂ. കൂടുതൽ ആരോഗ്യത്തിന് ആ സാന്നിധ്യത്തെത്തന്നെ ഉറ്റുനോക്കൂ**.

മരുന്നും ചികിത്സയും അത്യാവശ്യമാണ്. പക്ഷേ പ്രയോഗിയ്ക്കുന്ന മരുന്നുകൾ സ്വാംശീകരിയ്ക്കാനോ പ്രയോജനപ്പെടുത്തനോ ശരീരത്തിനു കഴിയുന്നില്ലെങ്കിൽ ഔഷധംകൊണ്ട് ഫലമുണ്ടാകുമോ? **ഔഷധങ്ങൾ വെറും ബാഹ്യാവലംബമാണ്. യഥാർഥത്തിൽ അവയെ സ്വാംശീകരിയ്ക്കുന്നതു ദേഹത്തിനുള്ളിലെ**



**ചേതനാശക്തിയാണ്. അതിനെ ആത്മവിശ്വാസപൂർവം ആശ്രയിയ്ക്കുക. അതിനോട് അടുപ്പവും ബന്ധവും തോന്നട്ടെ. വയസ്സാകുന്തോറും കൂടുതൽ മാനസാരോഗ്യത്തോടെ ജീവിയ്ക്കാൻ ശ്രമിയ്ക്കുക**.

ഞാൻ ഒരു ഗ്രാമത്തിലാണ് ജനിച്ചത്. ചെറുപ്രായത്തിലൊക്കെ കുന്നിൻ പ്രദേശങ്ങളിലൂടെ നടക്കാറുണ്ടായിരുന്നു, ചെരിപ്പുപോലുമില്ലാതെ! ഒരുനിലയ്ക്ക്, ഗ്രാമജീവിതം എന്റെ ശരീരത്തിനു വളരെ പ്രയോജനകരമായിട്ടുണ്ട്. അവിടവിടെ ചെറിയ പ്രശ്നങ്ങളുണ്ടെങ്കിലും ഇപ്പോഴും എന്റെ വേഗത അത്ര മോശമല്ല.

മനക്കരുത്തുകൊണ്ട് ജീവിയ്ക്കണമെന്നാണ് എനിയ്ക്ക് എപ്പോഴും തോന്നീട്ടുള്ളത്. കാരണം, ശരീരം ജീർണിയ്ക്കാൻ പോകുന്നു, ദിനംപ്രതി പ്രായാധിക്യവും ക്ഷീണവും ബാധിയ്ക്കയുമാണ്.

ഗുരുവായൂരപ്പന്റെ മുമ്പിൽ ചേലപ്പറമ്പു നമ്പൂതിരി ചൊല്ലിയ സുപ്രസിദ്ധമായ ഒരു പ്രാർഥനയെപ്പറ്റി കഴിഞ്ഞ ദിവസം രാമസ്വാമി എന്നോടു ചോദിയ്ക്കയുണ്ടായി. ഇതാണത്:

**അബ്ദാർധേന ഹരിം പ്രസന്നമകരോ–**
**ദൗത്താനപാദഃ ശിശുഃ**
**സപ്താഹേന നൃപഃ പരീക്ഷിദബലാ**
**യാമാർധതഃ പിംഗലാ**
**ഖട്വാംഗോ ഘടികാദ്വയേന നവതിഃ**
**പ്രായോഽപി തന്ന വ്യഥേ**
**തം കാരുണ്യനിധിം പ്രപദ്യ ശരണം**
**ശേഷായുഷാ തോഷയേ**

ഉത്താനപാദന്റെ മകനായ ധ്രുവബാലന് അർധവർഷംകൊണ്ട് ഭഗവാനെ പ്രസാദിപ്പിയ്ക്കാൻ സാധിച്ചു. പരീക്ഷിത്തു മഹാരാജാവിന് ഏഴു ദിവസവും, അഭിസാരികയായ പിംഗളയ്ക്കു രാവിന്റെ പകുതിയും, ഖട്വാംഗന് 24 നിമിഷങ്ങളുമാണ് അതിനു വേണ്ടിവന്നത്. തൊണ്ണൂറു വയസ്സായെങ്കിലും എനിയ്ക്ക് അതിനാൽ ഒരു സങ്കടമോ സംശയമോ ഇല്ല. ഇനി ബാക്കിയുള്ള ആയുസ്സിൽ കാരുണ്യനിധിയായ ഭഗവാനെ ഞാൻ പ്രസാദിപ്പിച്ചുകൊള്ളാം.

എത്ര ആത്മവിശ്വാസത്തോടെയാണ് അദ്ദേഹം ഇതു പറഞ്ഞതെന്നു നോക്കൂ. ഈ ദൃഷ്ടാന്തങ്ങൾ ഓർമവെയ്ക്കണം. മനസ്സിനു വേണ്ടത്ര വൈഭവങ്ങളുണ്ട്. അതു ചികഞ്ഞു പുറത്തെടുക്കണമെന്നുമാത്രം.

ലങ്കയിലേയ്ക്കു ചാടിക്കടക്കാൻ ഹനൂമാനെ സഹായിച്ചത് ഈ വൈഭവമാണ്. യഥാസമയം വേണ്ട ചികിത്സനടത്തിയും, സഹിയ്ക്കേണ്ടിവന്നാൽ സഹിച്ചും, നീക്കുപോക്കാണ് വേണ്ടതെങ്കിൽ

അതു ചെയ്തും, **മനോബലം സംഭരിച്ചു കൂടുതൽ ആരോഗ്യത്തോടെ കഴിയുക.**

പല ആരോഗ്യപ്രശ്നങ്ങളുണ്ടെങ്കിലും 'മാ' സുഖമായിരിയ്ക്കട്ടെ എന്നാണ് ഞാൻ പ്രത്യാശിയ്ക്കുന്നത്. ഈ വിഷമതകളോടൊപ്പം കോലാഹലങ്ങളൊന്നുമില്ലാതെ കാര്യങ്ങൾ നടത്തുന്നുവെന്നത് അമ്മയുടെ ആരാധ്യമായ സ്വഭാവവിശേഷമാണ്. അവർ വേണ്ട മുൻകരുതലുകൾ എടുക്കാറുണ്ട്. യാത്രയ്ക്കു വേണ്ടത്ര വായുസഞ്ചാരമില്ലാത്തിടങ്ങളിൽ പോകാൻ തനിയ്ക്കു വളരെ വിഷമമാണ്. എന്നാലും 'മാ' അത് അനായാസേന തരണംചെയ്യാറുണ്ട്. സഹിഷ്ണുതയിലും പൊരുത്തപ്പെടലിലും 'മാ' വിന്റെ രീതികൾ അത്യുത്തമവും ശ്ലാഘ്യവുംതന്നെ.

മേല്ക്കുമേൽ മാനസികാരോഗ്യത്തോടെ ജീവിയ്ക്കാൻ അവർക്കു സാധിയ്ക്കട്ടെ. നൂതൻസ്വാമിജിയുടെ കാര്യത്തിലും ഇതുതന്നെയാണ് പറയാനുള്ളത്. സാധാരണഗതിയിൽ സ്വാമിജി കുറേക്കൂടി ആരോഗ്യവാനായിരിയ്ക്കേണ്ടതാണ്. പക്ഷേ അദ്ദേഹത്തിനു ധാരാളം ശാരീരികപ്രശ്നങ്ങളുണ്ട്, ഇതെല്ലാം വെച്ച് ഓടിനടക്കുന്നുമുണ്ട്. എനിയ്ക്കാണെങ്കിൽ അതു മുമ്പത്തെപ്പോലെ സാധിയ്ക്കുന്നില്ല. ഇപ്പോൾ അതിന്റെ ആവശ്യമില്ല, അവർ അതു സമ്മതിയ്ക്കയുമില്ല. എനിയ്ക്കുപകരം എത്ര തവണയാണ് നൂതൻസ്വാമിജി ഓടിപ്പാഞ്ഞു നടക്കുന്നത്.

മാനസികാരോഗ്യം വളരെ പ്രധാനമാണെന്നാണ് എന്റെ അഭിപ്രായം. ഇതു നിങ്ങൾക്കുള്ള സന്ദേശമായിരിയ്ക്കട്ടെ. 'മാ' മാത്രമല്ല, നിങ്ങളെല്ലാവരും നല്ല ആരോഗ്യത്തോടെ കഴിയണം. അതുണ്ടാക്കിയെടുത്തു കൂടുതൽ കാലം ജീവിയ്ക്കുക, ആന്തരാരോഗ്യത്തോടെ.

**ഹരിഃ ഓം തത് സത്**. ജയ് ഗുരു.

പരിഭാഷ - സുമംഗലജാതവേദൻ

> ഗ്രന്ഥങ്ങൾ പറയുകമാത്രം ചെയ്യുന്നു. ദീക്ഷ ശരിയ്ക്കും പ്രവർത്തിയ്ക്കുന്നു. അതുമാത്രമാണ് പ്രവർത്തിയ്ക്കുന്നത്. ഗുരു തന്നിൽനിന്നു ശിഷ്യനിൽ കൊളുത്തുന്ന തീയ്യും പ്രകാശവുമാണ് ദീക്ഷ. അന്നുമുതൽ അതു കത്തിജ്വലിയ്ക്കാൻ തുടങ്ങുന്നു; എന്നാൽ അതു നേരെ കത്തണമെങ്കിൽ അതിനെ സാധനകൊണ്ട് സൂക്ഷിയ്ക്കുകയും ബലപ്പെടുത്തുകയും ചെയ്യണം

സുഭാഷിതം

## പ്രവൃത്തിയ്ക്കുള്ള മാനദണ്ഡം

**ആത്മനശ്ച പരേഷാം ച**
**ഹിതം സമ്യഗ്വിചാരയേത്**
**ആത്മനഃ പ്രതികൂലാനി**
**പരേഷാം ന സമാചരേത്**

ഒട്ടനവധി ജീവികൾ ധരിത്രിയിൽ വസിയ്ക്കുന്നു. അരിയ്ക്കുന്നവ, രണ്ടും നാലും കാലുകളോടെ ഓടിനടക്കുന്നവ, പറക്കുന്നവ. ചെറുതും വലുതുമായി എത്ര ജീവിവർഗങ്ങളാണിവിടെ! ഇവയെല്ലാം കൂട്ടായി കഴിയാനുള്ള പ്രേരണ സഹജമാണ്.

സംസാരിച്ച്, ചിന്തിച്ച്, ആശയവിനിമയംചെയ്യാനുള്ള കഴിവ് മനുഷ്യരാശിയെ മറ്റെല്ലാ ജീവികൾക്കുംമീതെ നിറുത്തുന്നു. അതനുസരിച്ച ഗുണമഹിമകളും നമ്മിൽ കാണേണ്ടതല്ലേ? സമൂഹചിന്തയും പൊതുനന്മയെ ലാക്കാക്കിയുള്ള പ്രയത്നവും മനുഷ്യനിൽ പണ്ടേമുതല്ക്കുള്ള വിശേഷതയാണ്!

**ആകാവുന്നതും അരുതാത്തതും വേർതിരിച്ചു കാട്ടുന്നതത്രേ ധർമചിന്ത.** എന്തൊക്കെ ചെയ്യാം, എങ്ങനെ ചിന്തിയ്ക്കണം, തനിയ്ക്കെന്നപോലെ അന്യർക്കും ശ്രേയസ്കരമായ ജീവിതരീതിയെന്ത്? ഇങ്ങനെ ചെറുതുതൊട്ടു വലുതുവരെയുള്ള സംഗതികൾ ഗുണദോഷപൂർവം ഉദ്ബോധിപ്പിയ്ക്കുന്നതാണ് ധർമശാസ്ത്രം.

നമ്മുടെ ധർമഗണനകൾ അതിവിശാലവും അതിസൂക്ഷ്മവുമാണ്. അവയെ സമഗ്രമായി ഗ്രഹിയ്ക്കുന്നതിൽ വിദ്വാന്മാർപോലും കുരുക്ഷേത്രത്തിൽച്ചെന്ന അർജുനനെപ്പോലെ വിഷമിയ്ക്കാറുണ്ട്. **ധർമസ്യ തത്ത്വം നിഹിതം ഗുഹായാം**, ഗുഹയിലെന്നപോലെ ഒളിച്ചിരിയ്ക്കുന്നതാണ് ധർമത്തിന്റെ പൊരുൾ എന്ന ആപ്തവാക്യംതന്നെ ഇവിടെ അതിനാൽ സ്ഥാനംപിടിച്ചതത്രെ!

കുട്ടികൾക്കും മുതിർന്നവർക്കും ധർമത്തെപ്പറ്റി ചുരുക്കമെങ്കിലും പ്രായോഗികമായ അറിവ് ഉണ്ടാകേണ്ടേ? അച്ഛനമ്മമാർക്കു മക്കളോടു ദൈനന്ദിനകാര്യങ്ങൾക്കായി സാരമായതെന്തോ അതെങ്കിലും പറഞ്ഞുകൊടുക്കാതെ പറ്റുമോ?

അനന്തവും ഗാഢവുമായ ധർമശാസ്ത്രങ്ങളാകെ സംഗ്രഹിച്ച് അവയിലെല്ലാമായ സാരം കവിശ്രേഷ്ഠനായ ഭാരതി, വെറും 32 അക്ഷരങ്ങളുള്ള ഈ ശ്ലോകത്തിൽ പറയുന്നു.

തന്നെപ്പോലെതന്നെ ബാക്കിയുള്ളവരുമെന്നു നാം സദാ ഓർക്കണം. ഒരുവൻമാത്രമായി ജീവിയ്ക്കുന്ന ദശയുണ്ടാകുമോ? ഒരു കുടുംബംമാത്രമായും ലോകത്തിൽ വാഴാനാവില്ല. മനുഷ്യരാശി അവനവ

നെമാത്രം കണക്കാക്കി ജീവിയ്ക്കാൻ ഒരിയ്ക്കലും മുതിർന്നുകൂടാ.

പറയുന്നതിലും ചിന്തിയ്ക്കുന്നതിലും പ്രവർത്തിയ്ക്കുന്നതിലും മനസ്സിലും മറ്റുള്ളവരുടെ നന്മ തെളിഞ്ഞുനില്ക്കണം. സ്വന്തം അഭിവൃദ്ധി വേണ്ടതുതന്നെ. ഒപ്പം ബാക്കിയുള്ളവരുടേയും വിശാലസമാജത്തിന്റേയും തന്നെ അഭ്യുദയം ഉറപ്പുവരുത്തേണ്ടതുണ്ട്.

ഒരുവൻ ഉണ്ണുന്നതിലും ഉടുക്കുന്നതിലും തുടങ്ങി എല്ലാ സംഗതികളിലും എണ്ണമറ്റ ജനങ്ങളുടെ സംഭാവനകൾക്കു സ്ഥാനമുണ്ട്. തന്റെ പ്രവൃത്തിയുടെ ഫലങ്ങൾ മറ്റുള്ളവരിലാണ് ചെന്നണയുകയെന്ന റിയണം. എന്തു കാര്യത്തിലും ഊടും പാവുംപോലെയാണ് വ്യക്തിയും സമാജവും!

**തന്റേതുപോലെ മറ്റുള്ളവരുടെ ഹിതങ്ങളെപ്പറ്റിയും അതിനാൽ ഏവരും സദാ ചിന്തിച്ചേ തീരൂ. ഇതിൽ അശ്രദ്ധയോ, അവിവേകമോ വന്നുകൂടാ. എന്തു പ്രവൃത്തിയും ഈ അടിസ്ഥാനത്തിൽത്തന്നെവേണം ചെയ്യാൻ.**

തനിയ്ക്ക് ഇഷ്ടമില്ലാത്തതും പ്രതികൂലമായതും, സ്വന്തം അഭിവൃദ്ധിയ്ക്കു തടസ്സംവരുത്തുന്നതുമായ ഒന്നും മറ്റുള്ളവരിൽ ചെയ്തുപോകരുത്. തന്റെ സ്വത്തു സൂത്രത്തിൽ വല്ലവരും കൊണ്ടുപോകുന്നതു സമ്മതമാണോ? അപ്പോൾ അന്യന്റേതൊന്നും താനും അപഹരിയ്ക്കരുത്. **നിന്ദിയ്ക്കൽ, പഴിയ്ക്കൽ, അപവാദംപരത്തൽ, പൊതസ്വത്തു ഹരിയ്ക്കലും നശിപ്പിയ്ക്കലും, ഇവയെല്ലാം തീരെ വർജിയ്ക്കേണ്ടതാണെന്ന് അപ്പോൾ കാണാൻ വിഷമമില്ല.**

തനിയ്ക്കു പ്രതികൂലമോ അസഹ്യമോ ആയി തോന്നുന്നതൊന്നും അന്യനിൽ പ്രയോഗിയ്ക്കരുതെന്നു നിർബന്ധിയ്ക്കുന്ന ഈ ധർമസൂക്തം അല്പാക്ഷരങ്ങളിൽ അനന്തമായ ധർമശാസ്ത്രത്തെ അടക്കിയിരിയ്ക്കുന്നു. അറിവും ആവശ്യവുമനുസരിച്ച് ഇതിനെ എത്രയും വ്യാഖ്യാനിച്ചുവിവരിയ്ക്കാം.

- നിഷ്കിഞ്ചനൻ

അധ്യാത്മസാധന വാസ്തവത്തിൽ ചിത്തശുദ്ധി കൈവരുത്തലാണ്. ശുദ്ധമനസ്സേ ആത്മാവിനെ പ്രതിഫലിപ്പിയ്ക്കയുള്ളു. അല്ല, അത് ആത്മാവുതന്നെയായി ശോഭിയ്ക്കും. ലൗകികതയിൽ കുടുങ്ങിയ മനസ്സ് ശുദ്ധമാവുന്നതെങ്ങനെ? സർവാത്മനാ പരിശുദ്ധിയെ സ്നേഹിയ്ക്കുക. അപ്പോൾ നിങ്ങളുടെ ചിന്തകളിലും മനോഭാവത്തിലും കർമങ്ങളിലും മാറ്റം വരും. ഒരു സദ്ഗുണത്തെ സ്നേഹിയ്ക്കുന്നുവെന്നതിന് അതു വളർത്തിയെടുക്കൽ എന്നുകൂടി അർഥമാണ്. പ്രയത്നം സഫലമാകുന്നതു ശ്രദ്ധയേയും മനോദാർഢ്യത്തേയും അനുസരിച്ചിരിയ്ക്കും.

ടെലിസത്സംഗം–11

# ഈശ്വരനെ ഹൃദയത്തിൽ നിറുത്തുക

[എല്ലാ മാസവുമുള്ള ടെലിസത്സംഗത്തിൽ പങ്കെടുക്കാൻ 2009 ജൂണിൽ മലേഷ്യ എസ്.ഐ.ആർ.ഡി.യിലെത്തിയ സാധകന്മാർ സ്വയംചർച്ചനടത്തി ഉന്നയിച്ച ചില ചോദ്യങ്ങൾക്കു സ്വാമിജി നല്കിയ ഉത്തരം.]

ഭക്തർ: പൂജ്യസ്വാമിജിയ്ക്കു ഞങ്ങളുടെ പ്രണാമങ്ങൾ.

**സ്വാമിജി**: ആശീർവാദം.

ഭക്തർ: നടക്കാൻപോകുന്നതേക്കുറിച്ചു മനസ്സിൽ ഉദിയ്ക്കുന്ന അകാരണസൂചനകളിൽ വല്ല വാസ്തവവുമുണ്ടോ, അവ ഉപബോധമനസ്സുമായി ബന്ധപ്പെട്ടതാണോ, സ്വപ്നത്തിലും ഇത്തരം സൂചനകൾ സംഭവിയ്ക്കുമോ?

**സ്വാമിജി**: ഉപബോധമനസ്സെന്ന പ്രയോഗം ശരിയല്ല. സാധാരണ മന:സ്തലംവിട്ട്, ഉപരിയോ ഗാഢമോ ആയ തലത്തിൽനിന്ന് ഉദിയ്ക്കുന്ന ബോധതരംഗങ്ങൾ 'ഉപരിബോധരചന'യാണെന്നു വേണം പറയാൻ; എന്നാൽ പാശ്ചാത്യമന:ശാസ്ത്രജ്ഞന്മാർ രൂപപ്പെടുത്തിയ 'ഉപബോധമനസ്സെ'ന്ന പ്രയോഗം നാം അതേപടി തുടരുകയാണ്.'ഉപരിബോധ'മെന്നു പറയാനാണ് എനിക്കിഷ്ടം.

സൂചനകൾ ഉദിയ്ക്കാമെന്ന കാര്യം നിരസിയ്ക്കാനാവില്ല. സാധാരണ ക്രമങ്ങളേയും തടസ്സങ്ങളേയും കവച്ചുവെച്ചു ഭൂതവർത്തമാനഭാവികളിലേയ്ക്കു ചൂഴ്ന്നുചെല്ലാൻ ചേതനാമയമായ മനസ്സിനു കഴിയും; എന്നാൽ ഇതു വ്യക്തീയവും ആന്തരവുമായ പ്രക്രിയയായതിനാൽ, അനുകരിയ്ക്കാനോ, സ്വയം പഴുതറ്റതാക്കാനോ ഒരു വ്യവസ്ഥയോ പദ്ധതിയോ ആവിഷ്കരിയ്ക്കുക സാധ്യമല്ല. സൂചനകൾ സാധുവും അസാധുവുമാകാം. പത്തിൽ രണ്ടോ മൂന്നോ സൂചനകൾ ശരിയായാൽക്കൂടി നിങ്ങൾക്ക് അതിലുള്ള വിശ്വാസം ശക്തമായേയ്ക്കും. മനോമോഹമെന്നേ പറയാനുള്ളു!

സ്വപ്നത്തിലും സൂചനകൾ ലഭിയ്ക്കാവുന്നതാണ്. സ്വപ്നം തികച്ചും മന:സൃഷ്ടിയല്ലേ? സമയം, ആകാശം, കാര്യകാരണബന്ധം, വിഷയങ്ങൾ, വികാരങ്ങൾ, ഇവയെല്ലാം മനസ്സ് സ്വയം സൃഷ്ടിയ്ക്കുന്നതാകയാൽ, സംഭാവ്യസൂചനകൾ നിശ്ചയമായും ഉണ്ടായെന്നു വരാം.

**സ്വപ്നസ്വാധീനങ്ങളോടെല്ലാംതന്നെ ഒരു ബന്ധവും നിങ്ങൾ പുലർത്തരുതെന്നാണ് പറയാനുള്ളത്. ഒരു സ്വപ്നത്തിനും നിങ്ങൾ ഉത്തരവാദിയല്ലെന്നാണ് വാസ്തവം. അതുകൊണ്ട് സൂചനകളടക്കം സ്വപ്നസംഭവങ്ങളെ വിട്ടുകളയുകയാണ് ശരി.**

അസുഖകരമോ അസന്തുഷ്ടമോ ആയ എല്ലാറ്റിനുമെതിരെ

യുള്ള ഒരു സംരക്ഷണകവചം കൈക്കലാക്കയാണ് വേണ്ടത്, ഏറ്റവും ഫലപ്രദവും. ഈശ്വരനിൽ സർവാശ്രയത്വം വളർത്തുക യെന്ന '*ഇൻഷുറൻസ് പോളിസി*' നിങ്ങൾക്ക് എല്ലാവർക്കുമായി എന്റെ പക്കലുണ്ട്. ഈശ്വരനെ സമഗ്രമായി ആശ്രയിച്ചു സമഞ്ജ സപ്പെട്ടുകഴിയുക.

**ഈശ്വരസൃഷ്ടമായ പ്രപഞ്ചത്തിന്റെ ഒരു ഭാഗമാണ് ഞാൻ. അതിനാൽ ഞാനും ഈശ്വരരചനതന്നെ. ഈശ്വരസൃഷ്ടമായ ദേഹം, മനസ്സ്, പ്രപഞ്ചം എന്നിവയുമായി ബന്ധപ്പെട്ടുകൊ ണ്ടാണ് എന്റെ സർവപ്രവൃത്തികളും. അതിനാൽ എല്ലാം ഈശ്വ രീയമാണ്. ഈ സമഞ്ജസഭാവം വളർത്തിയെടുക്കുക. ഇതു ഗുണദോഷകരമായ സർവ സംഭവവികാസങ്ങളിലും നിങ്ങളെ പരിരക്ഷിയ്ക്കും.**

ഭക്തർ: സമ്പർക്കങ്ങളിൽപ്പെടുമ്പോൾ എല്ലാവരും ആത്മാവുമാ യുള്ള ബന്ധത്തിൽനിന്ന് അകലുകയോ വേറിടുകയോ, ഉൾസ ത്തയെ ആകെ വിസ്മരിയ്ക്കയോ ചെയ്തുപോകയാണ് പതിവ്. ലൗകികവ്യവഹാരങ്ങൾക്കിടയിലും ഈ ഉൾബന്ധവും ഉൾസ്മര ണയും അനുസ്യൂതം നിലനില്ക്കാൻ എന്താണ് പ്രായോഗികമാർഗം?

**സ്വാമിജി:** ഇതിനു സരളമായ ഒരു *ഫോർമുല* എന്റെ കയ്യിലുണ്ട്. ആത്മാവെന്ന ആശയത്തെ ശരിയായി ഗ്രഹിയ്ക്കുക. ഈ ലോക ത്തിൽ നിലനില്ക്കുന്ന ചെറുതും വലുതുമായ എല്ലാറ്റിലും ആത്മാ ഇടതൂർന്നിരിയ്ക്കുന്നു. അണുവിലും പർവതത്തിലും സമ്പൂർണ പ്രപഞ്ചത്തിലും ആത്മവ്യാപനമുണ്ട്.

ഇങ്ങനെ ആത്മാ നിങ്ങളെ വലയംചെയ്തുനില്ക്കുമ്പോൾ അതിൽനിന്നു വിട്ടുപോകുന്നതെങ്ങനെ? ആലോചിച്ചുനോക്കൂ. 'ആത്മാ'വെന്നു പറയുകയും, പിന്നെ അതിൽനിന്നു വിട്ടുനില്ക്കു ന്നുവെന്നു വിചാരിയ്ക്കയും ചെയ്യുന്നതു ശരിയോ? കാരണം സർവ വ്യാപിയായ ആത്മാവിൽനിന്ന് അകലൽ തെല്ലും സംഭാവ്യമല്ല. ഈ അടിസ്ഥാനതത്ത്വം ആഴത്തിൽ ഗ്രഹിച്ച്, അതു ചിന്തകളേയും ആലോചനയേയും നയിയ്ക്കാൻവേണ്ടതൊക്കെ ചെയ്യുക.

ആത്മാ സർവാന്തര്യാമിയായാലും, ഇന്ദ്രിയങ്ങൾക്ക് അതീത മാണ്. സർവാന്തര്യാമി അഥവാ സർവവ്യാപി എന്നതിനു സർവ ത്തിലും സർവത്രയും എല്ലായ്പ്പോഴുമുള്ളതെന്നല്ലേ അർഥം? അതീ ന്ദ്രിയമെന്നതിനോ, കാണാവുന്നതിന് അപ്പുറമെന്നും. അത്തരം സാന്നിധ്യത്തിൽനിന്നു നിങ്ങൾതന്നെ പറയൂ, നിങ്ങളെ വേറിടുത്താ നോ അകറ്റാനോ പറ്റുമോ? ലോകാധിവാസികളായ നിങ്ങളെ ലോക ത്തിൽനിന്നും വേറിടുത്താനാകുമോ? പ്രപഞ്ചം ആത്മാവിന്റെ സ്ഫുരണമാണ്. ആത്മാവിൽനിന്ന് ഒരു ക്ഷണംപോലും വേറി ടാൻ ആർക്കും സാധ്യമല്ല.



ആന്തരമായും ബാഹ്യമായും നിങ്ങൾ അകന്നുപോകുന്ന ചോദ്യ മേ വരുന്നില്ല. അതിനാൽ ആത്മാവിൽനിന്നു വേർപെടുന്നുവെന്ന തോന്നലും വിചാരവും ഉണ്ടാകുമ്പോഴൊക്കെ ഉൾച്ചേതനയെക്കുറി ച്ചു നിങ്ങൾക്കുള്ള വികലധാരണയെയാണ് നിങ്ങൾ തിരുത്തേണ്ടത്.

എന്റെ പ്രിയപ്പെട്ട കുട്ടികളെ, അധ്യാത്മപദങ്ങൾ ഉപയോഗിയ്ക്കു മ്പോൾ, നിങ്ങൾ അതിന്റെ ഉദ്ദേശ്യംകൂടി അറിഞ്ഞിരിയ്ക്കണം. കാളിദാസമഹാകവിയെ ഓർമവരുന്നു. രഘുവംശം രചിയ്ക്കുമ്പോൾ കാളിദാസൻ ആദ്യമായി ശിവനേയും പാർവതിയേയും സ്മ രിയ്ക്കുന്നതു വളരെ അർഥവത്താണ്:

**വാഗർഥാവിവ സംപൃക്തൗ**
**വാഗർഥപ്രതിപത്തയേ**
**ജഗതഃ പിതരൗ വന്ദേ**
**പാർവതീപരമേശ്വരൗ**

പദവും അർഥവുമെന്നപോലെ ഇണങ്ങിയിരിയ്ക്കുന്ന ജഗത്പി താക്കളായ പാർവതീപരമേശ്വരന്മാരെ, വാക്കിന്റെ അർഥത്തിൽ ശരി യായ പ്രതിപത്തിയ്ക്കായി ഞാൻ നമിയ്ക്കുന്നു.

അതുകൊണ്ട് 'ആത്മ'ശബ്ദം പ്രയോഗിയ്ക്കുമ്പോഴെല്ലാം, ന മ്മിൽനിന്നു വേർപെടുത്താനാവാത്ത സത്തയെയാണ് അതു സൂചി പ്പിയ്ക്കുന്നതെന്ന് അറിയുക. അച്ഛൻ, അമ്മ, ഭാര്യ, ധനം, വീട്, ഇങ്ങനെ ലോകത്തിലുള്ള എല്ലാറ്റിൽനിന്നും നിങ്ങൾ അക ന്നേയ്ക്കും; എന്നാൽ ആത്മാവിൽനിന്ന് ഒരിയ്ക്കലും വേർപെടാ നാവില്ല. നിങ്ങളുടെ ധാരണ ഇതനുസരിച്ചു തിരുത്തില്ലേ?

ഭക്തർ: ഈ കാണുന്നതെല്ലാം ഞാനാണ്, അതൊക്കെ അന ശ്വരവും പൂർണവും ആനന്ദസ്വരൂപവുമാണ് എന്നു സാക്ഷാത്ക രിച്ചുകഴിയുമ്പോൾ, ഈ ലോകത്തോടോ ഐഹികപ്രവൃത്തിക ളോടോ താത്പര്യം പുലർത്തേണ്ടതുണ്ടോ? ഞാനല്ലാതെ മറ്റാരും ഇല്ലെന്നുവരുമ്പോൾ, മറ്റുള്ളവരെ സഹായിയ്ക്കേണ്ട ആവശ്യവും എവിടെ?

**സ്വാമിജി**: ഇത്തരം അന്വേഷണങ്ങൾ നിങ്ങളിൽ എങ്ങനെയാണ് ഉണർന്നത്? വളരെ ഉദാത്തമായ ചോദ്യമാണിത്. ചോദ്യത്തേക്കാൾ പ്രസക്തവും പ്രധാനവുമാണ് അതുന്നയിയ്ക്കുന്നതിലുള്ള നേർമ യും ലാളിത്യവും. ചോദ്യമായാണ് നിങ്ങൾ അവതരിപ്പിയ്ക്കുന്ന തെങ്കിലും ഇതു ചോദ്യമേയല്ല. ഉയർന്നതലവിചിന്തനം തൊടു ത്തുവിടുന്നതാണ് ഇത്തരം അന്വേഷണങ്ങൾ!

ഇതെല്ലം 'ഞാനാണെന്ന' സാക്ഷാത്കാരത്തെ ഒന്നുകൂടി അപ ഗ്രഥിച്ചുനോക്കൂ. എന്താണ് ഈ സാക്ഷാത്കാരം? ചോദ്യം ഒരാ വർത്തികൂടി വായിച്ചുമനസ്സിലാക്കുക. 'ഇതെല്ലാം ഞാനാണ്'

എന്നു പറയുമ്പോൾ, 'ഞാൻ ഉണ്ട്' 'ഇവയെല്ലാ'മുണ്ടെന്നല്ലേ വരുന്നത്?

'ഇതെല്ലാം ഞാനാണെന്നു' പറയുമ്പോൾ 'ഇതെല്ലാം' എനിയ്ക്കു ചുറ്റുമുണ്ടെന്നും സിദ്ധിയ്ക്കുന്നു; അതും 'ഞാനാണെന്നേ' പുതുതായി അറിയുന്നുള്ളു. 'ഞാൻ ഉണ്ട്', പക്ഷേ ആ ഞാൻ ഈ എല്ലാംകൂടിയതാണ്.

ഈ വിവേകം ദേഹതലത്തിൽ മാത്രമല്ല, നിങ്ങൾക്കു ചുറ്റുമുള്ളതെയെല്ലാം ഉൾപ്പെടുത്തുന്നു. ഇതൊരു പരമാർഥമാകുമ്പോൾ ഏതിനേയും ഉൾസത്തയായി പരിഗണിയ്ക്കേണ്ടിവരും. ഇതു വ്യക്തിത്വനിരാകരണമല്ല, മറിച്ച്, മറ്റുള്ളവരുടെ ക്ഷേമത്തിനായി സ്വയം നിർഗളിയ്ക്കുന്ന അനുഭാവവും പരിഗണനയുമാണ്, അതിലുള്ള തീവ്രത, നിമഗ്നത. വ്യക്തമായോ? (പങ്കെടുത്തിരുന്നവർ വ്യക്തമായില്ലെന്നു ഉത്തരം നല്കുന്നു).

'ഇതെല്ലാം ഞാനാകുന്നു' എന്നു സാക്ഷാത്കരിയ്ക്കുമ്പോൾ 'ഇതെല്ലാം' എന്ന പദം എന്തിനെ സൂചിപ്പിയ്ക്കുന്നു? (പങ്കെടുക്കുന്നവർ: എല്ലാറ്റേയും). അതിനാൽ എല്ലാറ്റിന്റേയും അസ്തിത്വമല്ലേ നിങ്ങൾ ഉദ്ദേശിയ്ക്കുന്നത്? (സന്നിഹിതരായവർ: അതെ). 'ഇതെല്ലാം' 'ഞാനാകുന്നു' എന്നു നിങ്ങൾ ഗ്രഹിയ്ക്കുന്നു അല്ലേ.

നിലനില്ക്കുന്നതെല്ലാം അതിനാൽ ഉൾസത്തയുമായി ഇണങ്ങിയിരിയ്ക്കയാണ്. 'ഞാനാകുന്ന' ഈ വിശ്വപ്രപഞ്ചത്തിന്റെ പാലനത്തിൽ അതിനാൽ നിങ്ങൾ തത്പരരാകേണ്ടേ, സ്വാഭാവികമായും? 'ഞാൻ', 'ആകുന്നു' എന്നീ രണ്ടും ഇവിടെ വികസിയ്ക്കയാണ് ചെയ്യുന്നത്. ഞാൻ എന്നെപ്പറ്റിയെന്നപോലെ എല്ലാറ്റേയും പറ്റി സ്നേഹപൂർവം ചിന്തിയ്ക്കുന്നു. സ്വാർഥം അലിഞ്ഞുപോയി പരാർഥം പ്രകാശിയ്ക്കുന്നു, ഭംഗിയായി, ശക്തിയായി. വ്യക്തമായോ? (പങ്കെടുക്കുന്നവർ: വ്യക്തമായി, സ്വാമിജി.)

ഇതെല്ലാം 'ഞാനാണെന്നു' പറയുന്നതിൽ, തന്നെക്കൂടാതെ മറ്റു പലതുമുണ്ടെന്നു നിങ്ങൾ സമ്മതിയ്ക്കയല്ലേ? ഇത്രയുംകാലം അവയെല്ലാം നിങ്ങളിൽനിന്നു വ്യത്യസ്തമാണെന്നാണ് തോന്നിയിരുന്നത്. ഇപ്പോൾ സ്വന്തം ശരീരത്തിലെ ഓരോ കോശവും, കയ്യും, മനസ്സും അഹംബോധവും താൻതന്നെ എന്നറിയുന്നപോലെ, ഭൂമി, ഗ്രഹങ്ങൾ, ജ്യോതിർഗോളങ്ങളടക്കം മറ്റെല്ലാം 'ഞാൻ'തന്നെയെന്നു ഗ്രഹിയ്ക്കുന്നു. 'ഞാനും', 'ആകുന്നു' എന്ന രണ്ടും ഇപ്രകാരം സാർവത്രികത കൈവരിയ്ക്കുമ്പോൾ, നിങ്ങളുടെ സ്വാഭാവികപ്രതികരണം എന്താകും? ഒന്നാലോചിച്ചുനോക്കു. ഇവിടെ ബുദ്ധിയാണ് പ്രവർത്തിയ്ക്കുന്നതും, നയിയ്ക്കുന്നതും. ഇതോർമവെയ്ക്കുക.

രണ്ടു കുട്ടികളുള്ള ഗൃഹത്തിൽ ഒരു കുട്ടികൂടി പിറക്കുമ്പോൾ മാതാപിതാക്കൾക്ക് ആ കുട്ടിയോടും 'എന്റേത്' എന്ന ഭാവം



വളർന്നുതുടങ്ങുമല്ലോ. അതുപോലെ 'ഞാൻ ആകുന്നു' എന്നതു വികസിച്ച്, മറ്റേതിനേയും തന്നിൽ ഉൾപ്പെടുത്താനും, എല്ലാവരേയും ആത്മാവായി പരിഗണിയ്ക്കാനും തുടങ്ങുകയാണ്. ഇതു സ്വാഭാവികംതന്നെ. ഒരു പൂജ്യം ഏറ്റവും വലുതാകുമ്പോൾ, അതിൽ വിശ്വംമുഴുവനും ഉൾപ്പെടില്ലേ? ഇതു ദ്രവ്യകോശത്തിലെ വികാസമല്ല, ബുദ്ധികോശത്തിലെ അഥവാ ചിദാകാശത്തിലെ വിശാലതാവാസ്തവമാണ്.

ആശയം വ്യക്തമാകുന്നതുവരേയ്ക്കും നിങ്ങൾതമ്മിൽ ചർച്ചകൾ നടത്തണം. **ഉജ്വലതയോടും ഉദാരതയോടും കൂടി ലോകത്തെ പരിഗണിയ്ക്കുന്ന ജീവിതശാസ്ത്രമാണ് വേദാന്തം, ഉന്മൂലനമോ നശീകരണമോ ഇതിൽ ഉൾപ്പെടുന്നില്ല. വിദ്വേഷം, അസഹിഷ്ണുത എന്നീ വികലമായ മനോഗതികളെ നീക്കി സർവത്തേയും ആശ്ലേഷിയ്ക്കുന്ന മന:സ്ഥിതിയാണ് വേദാന്തം വളർത്തുന്നതെന്ന് ആയിരം സിംഹങ്ങളുടെ ഗർജനത്തിനു സമാനം ഉദ്ഘോഷിയ്ക്കുക.**

ഭക്തർ: ഭഗവദ്ഗീതയിലെ പല ശ്ലോകങ്ങളിലും സത്ത്വഗുണത്തിന്റെ പ്രസക്തി ആവർത്തിയ്ക്കുന്നുണ്ട്. ഈ ഗുണം പരിപോഷിപ്പിച്ചു നിലനിർത്തുന്നതിനുവേണ്ട അവശ്യോപാധികൾ എന്തെല്ലാം?

**സ്വാമിജി:** സത്ത്വഗുണമെന്നാൽ എന്താണെന്നു ഗ്രഹിയ്ക്കുക. ഒരിയ്ക്കൽ ഒരു ശാസ്ത്രജ്ഞൻ പറയുകയുണ്ടായി, '*ന്യൂക്ലിയർ* ശാസ്ത്രജ്ഞനാണ് ഞാൻ; എന്നാൽ *ആറ്റ*ത്തെ ഇതുവരേയ്ക്കും കണ്ടിട്ടില്ല.' ഈ പരാമർശം വളരെ വിജ്ഞാപകമായി തോന്നി. ഇതുപോലെ സത്ത്വഗുണദർശനം അസാധ്യമാണെങ്കിലും അതിന്റെ ആവിഷ്കാരങ്ങളും ഫലങ്ങളും നിശ്ചയമായും ദർശനയോഗ്യമാണ്. ഊർജം ഗോചരവസ്തുവല്ലെന്ന് ഏതു ശാസ്ത്രജ്ഞനും സമ്മതിയ്ക്കും. പദാർഥങ്ങൾക്കുമേൽ ഊർജത്തിനുള്ള സ്വാധീനം മാത്രമേ തിരിച്ചറിയാനാകൂ. **ഉജ്വലത, സന്തോഷം, വിവേകം, വിജ്ഞാനം, ഇവയെല്ലാമാണ് സത്ത്വഗുണത്തിന്റെ പ്രകടനങ്ങൾ.**

തേജസ്വിയാകുകയെന്നാണ് ഉജ്വലതകൊണ്ട് സൂചിപ്പിയ്ക്കുന്നത്. അതോടൊപ്പം മനസ്സും ബുദ്ധിയും പ്രകാശിതമാകുന്നു. അധ്യാത്മോജ്വലത നിങ്ങളെ പ്രചോദിപ്പിയ്ക്കണം. സത്ത്വഗുണം വർധിയ്ക്കുന്നതോടെ ശരീരത്തിലെ കോശങ്ങൾകൂടി തേജോമയമായി, തേജസ്സ് പ്രസരിപ്പിയ്ക്കാൻതുടങ്ങും. ബ്രഹ്മചര്യം ഇവിടെയാണ് ഉപകരിയ്ക്കുന്നത്.

ബ്രഹ്മചര്യത്തിന് അവിവാഹിതജീവിതമെന്നാണ് അർഥം. ഗൃഹസ്ഥാശ്രമികളായ നിങ്ങൾ ഇതിനെ എങ്ങനെ നോക്കിക്കാണുമെന്ന് എനിയ്ക്കറിയില്ല. ഗൃഹസ്ഥാശ്രമികൾക്കും നിശ്ചയമായും ബ്രഹ്മചര്യം അനുഷ്ഠിയ്ക്കാം. സ്വതവേ ബ്രഹ്മചര്യം പാലിയ്ക്കുന്ന

അവിവാഹിതരോടോ, ബ്രഹ്മചാരിമാരോടോ, സംന്യാസിമാരോടോ ഈ നിഷ്ഠ അനുശാസിയ്ക്കേണ്ടതില്ലല്ലോ. ഗൃഹസ്ഥാശ്രമികൾക്കുമാത്രമാണ് ബ്രഹ്മചര്യാനുശാസനം ആവശ്യമാകുന്നത്.

**ബ്രഹ്മചര്യം, ഈശ്വരനാമസ്മരണവും ജപവും, ശാസ്ത്രസത്യങ്ങളെക്കുറിച്ചു വിചിന്തനംചെയ്യൽ, ഇവ അനുക്രമം സത്ത്വഗുണത്തെ വർധിപ്പിയ്ക്കുന്നു**. വിചിന്തനംചെയ്യുമ്പോൾ ബുദ്ധിയെയാണ് പ്രയോഗിയ്ക്കുന്നത്. ശാസ്ത്രസത്യങ്ങൾ കേട്ടോ പഠിച്ചോ ഗ്രഹിയ്ക്കാൻനോക്കുമ്പോൾ, അതുതന്നെ ദേഹത്തെ തേജോമയമാക്കും. അതിനാലാണ് ഒരു സംന്യാസിയേയോ ജ്ഞാനിയേയോ കാണുമ്പോൾ വിശേഷോത്സാഹം തോന്നുന്നത്. ചിലപ്പോൾ സൂക്ഷ്മമായ ചില സ്പന്ദനമോ കമ്പനമോ കൂടി അനുഭവപ്പെടാം.

ഭക്ഷണം സാത്ത്വികമാകണം. വെളുത്തുള്ളി, ഉള്ളി, ഇവയെല്ലാം വർജിയ്ക്കുക. ഉപ്പിലിട്ടതു നിങ്ങൾക്കു പ്രിയമാണെങ്കിൽ അതും ഒഴിവാക്കുക. നിങ്ങളുടെ വായിലെ ഉമിനീർഗ്രന്ഥിയെ ഉത്തേജിപ്പിയ്ക്കാനാണ് എരിവു കഴിയ്ക്കുന്നത്; എന്നാൽ നന്നായി പാകം ചെയ്ത ഭക്ഷണം കണ്ടാൽത്തന്നെ ഉമിനീർ ഊറിത്തുടങ്ങും.

രുചിയുളവാക്കാൻ മസാലകൾ കൂടുതൽ ചേർക്കണമെന്നാണ് പൊതുവെ ധാരണ; എന്നാൽ അവയുടെ ഉപയോഗം കുറയുന്തോറുമാണ് രുചി കൂടുക. ചുവന്ന മുളകിന്നു പകരം കുരുമുളകോ ഇഞ്ചിയോ ഉപയോഗിയ്ക്കാം, പച്ചക്കറി വേവിയ്ക്കുമ്പോൾ അതിന്റെ നിറം നഷ്ടപ്പെടരുത്.

പ്രിയപ്പെട്ട സ്ത്രീപ്രജകളെ, ദിവസവും പാകംചെയ്യുന്ന നിങ്ങൾ പാചകകല അഭ്യസിയ്ക്കേണ്ടിയിരിയ്ക്കുന്നു. പച്ചക്കറിയുടെ നിറം കൂടിവരുന്നതിലാണ് നിങ്ങളുടെ വെപ്പിന്റെ ഗുണം. അധികവേവിനാൽ സാധനങ്ങളുടെ സ്വാഭാവിക നിറവും രുചിയും നഷ്ടപ്പെടുത്തുകയാണ് പലരും.

കൂട്ടുകാരോടോ മറ്റുള്ളവരോടോ പരുഷമായോ ആഭാസമായോ സംസാരിയ്ക്കരുത്. നിങ്ങൾ കേൾക്കുന്നതും സംസാരിയ്ക്കുന്നതും ഗുണകരമായ വിഷയങ്ങളാകണം. ഈശ്വരസ്മരണ, ഭക്തി, ആധ്യാത്മികത, എന്നിവ ഉൾക്കൊണ്ട് സംഭാഷണം മൂല്യവത്താകണം. കൂട്ടുകാർ ഇതിനു പറ്റിയവരാകണം, അതുറപ്പിയ്ക്കുക. **ഈശ്വരന്നും ആധ്യാത്മികതയ്ക്കും പ്രാധാന്യംനല്കുന്നതോടെ, നിങ്ങളുടെ സമ്പർക്കങ്ങളും പ്രതികരണങ്ങളും സമഞ്ജസമാകുന്നതു കാണാം**.

പ്രകൃതിയുമായി അടുക്കുക, ആസ്വദിയ്ക്കുക. ഫലപുഷ്ടിയാൽ അനുഗൃഹീതമാണ് മലേഷ്യ. ചുറ്റും സഞ്ചരിയ്ക്കുമ്പോൾ കാടുകളും മരങ്ങളും നന്നായി നോക്കിക്കാണൂ. ഒരു ചെറിയ വിത്തിൽനിന്നു വലിയ വൃക്ഷം വളരുന്നതു വിസ്മയമല്ലേ? ഇത്രയും



ചെടികളും വൃക്ഷങ്ങളും നിലകൊള്ളുന്ന ഭൂമി അചേതനവും ജഡവുമായി പെട്ടെന്നു തോന്നുന്നുവെങ്കിലും, വാസ്തവത്തിൽ അങ്ങനെയാണോ? ഭൂനിവാസികൾ എല്ലാവരും വ്യത്യസ്തരാണ്. വിസ്മയകരവും വിശാലവുമായ ഈ പ്രതിഭാസത്തെക്കുറിച്ച് ആലോചിച്ചു മകിഴുക. ഇതു സത്ത്വഗുണപോഷകമാകും.

ഗുണകരവും വിശിഷ്ടവുമായ മൂല്യങ്ങൾ വളർത്തി മന:സമ്പന്നത നേടുക. മനസ്സ് സ്വന്തം ഉത്പന്നങ്ങളും മൂല്യങ്ങളും വഴിയാണ് സമ്പുഷ്ടമാകുന്നത്. യഥാർഥ സമ്പത്തു ഭൂസ്വത്തോ *കറൻസിനോട്ടു*കളോ അല്ല, മന:സ്തൃപ്തിയാണ്. ഏതുപ്രകാരമുള്ള ആഹ്ലാദവും സന്തോഷവും നിർവൃതിയും വൈകാരികമാണ്; വികാരം മന:സൃഷ്ടമാണല്ലോ. അതിനാൽ മനസ്സിനുമാത്രമേ ആനന്ദമുളവാക്കാൻ കഴിയൂ.

സ്വന്തം കുഞ്ഞിനെ കാണുമ്പോൾ തോന്നുന്ന ആനന്ദം കുഞ്ഞിൽനിന്നല്ല, സ്വമനസ്സിൽനിന്നാണ് ഉദിയ്ക്കുന്നത്. ചുറ്റുപാടുകളെ കണക്കിലെടുക്കാതെ എല്ലായ്പ്പോഴും ആനന്ദമുളവാക്കാൻ മനസ്സോടു നിർദേശിയ്ക്കുക. സത്ത്വഗുണവർധനയ്ക്കുള്ള വഴിയാണ് ഇതെല്ലാം.

ഭക്തർ: സ്വാമിജി, സച്ചിദാനന്ദമെന്നതിന്റെ ശരിയായ അർഥം ഒന്നു വിശദീകരിച്ചുതരാമോ?

**സ്വാമിജി:** സത്, ചിത്, ആനന്ദം എന്നീ മൂന്നിന്റേയും മിശ്രമാണ് സച്ചിദാനന്ദം. പരമസത്യത്തെ, ആത്മാവിനെ അല്ലെങ്കിൽ ഈശ്വരനെ, പ്രതിനിധാനംചെയ്യുന്നതാണ് ഈ വാക്ക്. 'തീ' എന്നു പറയുമ്പോൾ, ചൂടിനേയും വെളിച്ചത്തേയും സൂചിപ്പിയ്ക്കുന്നില്ലേ? കാരണം, ഈ രണ്ടുമില്ലാതെ തീയുണ്ടാകില്ല. അതുപോലെ **ആത്മാവിന്റെ അഭേദ്യമായ ഗുണവിശേഷങ്ങളാണ് സത്തും ചിത്തും ആനന്ദവും**.

സത് എന്നതിനു സദാ സ്ഥിതിചെയ്യുന്നതെന്നാണ് അർഥം. അത് ഒരു സാന്നിധ്യമാണ്, വിടാതെ തുടരുന്ന നിലനില്പ്, അസ്തിത്വംതന്നെ. സത്തിനു പ്രകടമാകാതിരിയ്ക്കാനാവില്ല. അതായത് അതു സദാ തുടരുന്നതാണ്. ഒരു വസ്തു ഉണ്ട്, പക്ഷേ സ്വയം വെളിപ്പെടുത്തില്ലെന്നുവന്നാൽ, നിങ്ങൾ അതിനെ അറിയുന്നതെങ്ങനെ?

ബ്രഹ്മം നിലനില്ക്കുകമാത്രമല്ല, സ്വയം വെളിപ്പെടുത്തുകകൂടി ചെയ്യുന്നു. അതു വെളിപ്പെടാതിരിയ്ക്കുന്ന സമയമേ ഇല്ല. ചിത് അല്ലെങ്കിൽ ചേതന എന്നതുകൊണ്ട് സൂചിപ്പിയ്ക്കുന്നത് ഇതാണ്. എന്താണ് ചേതന? നിങ്ങളെ പ്രബുദ്ധരാക്കുന്നതാണത്. 'ഞാൻ' എന്നു പറയുന്നതു സ്വാനുഭവത്തിന്മേലാണ്. 'ഞാൻ' നിലനില്ക്കുകമാത്രമല്ല, അതിനെ സ്വയം അറിയിയ്ക്കയും ചെയ്യുന്നു.

ഇതു സുഖകരവുമാണ്. സുഖത്തിനായി വേറെ ഒന്നും ആവ

കത്തും മറുപടിയും

## ആധ്യാത്മികത ലൗകികനിഷ്ഠയ്ക്കു പൂരകം

സംപൂജ്യ സ്വാമിജി:

അങ്ങയുടെ പാദപത്മങ്ങളിൽ എന്റെ വിനീത പ്രണാമം. എന്റെ ജീവിതഗതിയെ മാറ്റിമറിച്ച ആശ്രമസന്ദർശനത്തിനുശേഷം ഒരു കൊല്ലം കഴിഞ്ഞുവെന്നു വിശ്വസിയ്ക്കാനാവുന്നില്ല. എത്രവേഗമാണ് സമയം നീങ്ങുന്നത്. ബോസ്റ്റൺശീതകാലം തുടങ്ങി. കഴിഞ്ഞാഴ്ചയിലെ ആദ്യത്തെ മഞ്ഞുവീഴ്ച വളരെ കുറവെങ്കിലും കാണാൻ നല്ല രസമായി. പകൽ കുറവും തണുത്ത കാലാവസ്ഥയും മനസ്സിനെ ഉൾവലിയാൻ പ്രേരിപ്പിയ്ക്കുന്നു. ആത്മപരിശോധനയ്ക്കു പറ്റിയ കാലമാണിത്.

എന്റെ സാധനയ്ക്ക് ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. സ്വാമിജിയോടൊപ്പം ആശ്രമത്തിൽ ചിലവഴിച്ച ദിവസങ്ങൾ വിവരിയ്ക്കാനാവാത്തവിധം പ്രയോജനകരമായെന്നു ഞാൻ മനസ്സിലാക്കുന്നു. എന്റെ കാഴ്ചപ്പാടു വിശാലവും ഗാഢവുമായിട്ടുണ്ട്. ഉൾപ്പരിശോധന നടത്തുമ്പോൾ ചിലപ്പോൾ ചില ശക്തിസ്ഫുരണങ്ങൾ അനുഭവപ്പെടാറുണ്ട്. സ്വാമിജി പകർന്നുതന്ന അറിവ് പ്രാവർത്തികമാക്കാൻ ഞാൻ സാവധാനം പഠിയ്ക്കയാണ്, അതോടെ എന്റെ പല ദൗർബല്യങ്ങളും വെളിപ്പെടുന്നു.

□

---

ശ്യമില്ല. അതിനാൽ അതിനെ 'ആനന്ദ'മെന്നുകൂടി പറയുന്നു. ബ്രഹ്മത്തിലുള്ള ഈ മൂന്നു വൈശിഷ്ട്യങ്ങളും വേർപിരിയാത്തതാണ്, അഗ്നിയിലെ ചൂടും പ്രകാശവുംപോലെ.

ഇത്തരം ചോദ്യങ്ങൾ ഉന്നയിയ്ക്കുന്ന നിങ്ങളെ ഞാൻ അനുമോദിയ്ക്കുന്നു. ഈ ചോദ്യങ്ങൾ സൂചിപ്പിയ്ക്കുന്നത്, ഏറ്റവും ധന്യമായ *ഗ്രൂപ്പാ*ണ് നിങ്ങളുടേതെന്നുതന്നെ. ക്ലിപ്തമായി ഒത്തുചേർന്നു സ്വയം ചർച്ചനടത്തി, ദാർശനികത, ആധ്യാത്മികത, ലോകം എന്നിവയെപ്പറ്റി പ്രസക്തവും ഗംഭീരവുമായ അന്വേഷണങ്ങളാണ് നിങ്ങൾ തൊടുക്കുന്നത്. ഇത്തരം പ്രേരണയും പരിശീലനവും തുലോം അപൂർവമാണ്. നിങ്ങൾ ഇതു മനസ്സിലാക്കുന്നുണ്ടോ എന്ന് എനിയ്ക്കറിയില്ല.

കൂടുതൽ ഉദാത്തവും വിശാലവുമായ വീക്ഷണം നിങ്ങൾക്കു കൈവരാനായി മനസാ നിങ്ങളെയെല്ലാവരേയും ആശ്ലേഷിച്ച് അനുഗ്രഹിയ്ക്കുന്നു.

**ഹരിഃ ഓം തത് സത്.** ജയ് ഗുരു.

പരിഭാഷ - കുമാരിവേണുഗോപാൽ



ആശ്രമത്തിൽനിന്നു മടങ്ങിവന്നു പുറംലോകവുമായി ഇടപെടുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഉൾക്കൊള്ളാൻ വളരെ വിഷമിച്ചിരുന്നു. പ്രശ്നങ്ങൾ നേരിടുമ്പോഴൊക്കെ അതിൽ ജയിയ്ക്കണമെന്ന ആഗ്രഹം പ്രയാസംസൃഷ്ടിയ്ക്കുന്നു. ഏതു പരിശ്രമഫലത്തിലും കൂടുതൽ മമത ഉണ്ടാകരുതെന്ന് അറിയാമെങ്കിലും, ലൗകികവിഷയങ്ങളിൽ അധികസമയം ചിലവഴിയ്ക്കുന്നതിൽ വിഷമം തോന്നുന്നു.

ഉദാഹരണത്തിന്, എന്റെ ഔദ്യോഗികജീവിതത്തിലെ ഉന്നതിയ്ക്ക് കൂടുതൽ പഠനം ആവശ്യമാണ്. ബോസ്റ്റണിലെ ഭാഗികപഠനത്തേക്കാൾ പൂർണസമയപഠനമാണ് ഉപയോഗപ്രദം. മികച്ച സ്കൂളുകളിൽ പ്രവേശനം ബുദ്ധിമുട്ടാണെങ്കിലും, അതാണ് അഭികാമ്യം. ഇതിനു പ്രവേശനപരീക്ഷയിൽ കഴിവു പ്രകടിപ്പിയ്ക്കണം. ഔദ്യോഗികമോ മറ്റു ലൗകികകാര്യങ്ങളോ ആയാലും മുൻപന്തിയിൽത്തന്നെ തുടരണമെന്ന അഭിലാഷം സംഘർഷമുണ്ടാക്കുന്നു. ഇതാണ് പ്രശ്നം.

എനിയ്ക്കു നല്ല കഴിവുകളുണ്ട്. എപ്പോഴും സമമനഃസ്ഥിതി പുലർത്തണമെന്നു തോന്നാറുണ്ടെങ്കിലും, ഇത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ കഴിയാറില്ല.

സാധന ഫലപ്രദമാക്കാൻവേണ്ട അച്ചടക്കവും ചിട്ടകളും ഇല്ലാത്തതാണ് ഞാൻ നേരിടുന്ന മറ്റൊരു ബുദ്ധിമുട്ട്. ഇതിനുവേണ്ടി പരിശ്രമിയ്ക്കുമ്പോൾ എന്തോ ഒന്നു സ്വയം അടിച്ചേല്പിയ്ക്കുമ്പോഴത്തെ മാനസപിരിമുറുക്കം അനുഭവപ്പെട്ട്, പിന്നീടുള്ള ശ്രമമെല്ലാം പാഴാകുന്നു.

ലോകവസ്തുക്കളെല്ലാം അസ്ഥിരമാണ്, മനസ്സിനു സമാധാനം തരുന്നതല്ലെന്ന് അറിഞ്ഞിട്ടും, പലതും ചെയ്തുകൂട്ടാൻ മനസ്സ് എന്നെ പ്രേരിപ്പിയ്ക്കുന്നു. അടിച്ചമർത്തുന്നുവെന്ന തോന്നലില്ലാതെ മനസ്സിലും ബുദ്ധിയിലും സദ്ഗുണങ്ങൾ ശീലിയ്ക്കുന്നതെങ്ങനെ?

അമേരിയ്ക്ക തെരഞ്ഞെടുപ്പുവിവാദത്തിൽ പെട്ടിരിയ്ക്കയാണെന്നു പത്രങ്ങളിൽനിന്ന് അറിഞ്ഞിരിയ്ക്കുമല്ലോ. എല്ലാ സംഭവവീക്ഷണങ്ങളേയും പറ്റിയുള്ള വിവരങ്ങൾ അപ്പപ്പോൾ അറിയുന്നതിന് ഏറെസമയം വിനിയോഗിച്ചിരുന്നതിനാൽ, ശക്തമായ അഭിപ്രായങ്ങളും എന്നിൽ പൊന്തിയിരുന്നു. ലൗകികവിഷയങ്ങളിലുള്ള ഇത്തരം മുഴുകൽ, പിൻവലിയാനാവാത്തവിധം എന്നെ തളർത്തുന്നു. മറ്റു വിഷയങ്ങളിൽ ശ്രദ്ധചെലുത്താൻ എനിയ്ക്കാവുന്നില്ല. ഒരു പ്രശ്നം ഇത്രയധികം അലട്ടുമ്പോൾ സമമനസ്കയും നിർബാധിതയുമായിരിയ്ക്കുന്നതെങ്ങനെ?

ആത്മപരിശോധന ആവശ്യമണെന്നു തോന്നുന്ന കാര്യങ്ങളാണിവ. അടുത്തുതന്നെ ആശ്രമത്തിലേയ്ക്കു *ഫോൺ*ചെയ്യാൻ ഉദ്ദേശിയ്ക്കുന്നതിനാൽ മറുപടി അയയ്ക്കണമെന്നില്ല. ഈ ചോദ്യങ്ങൾ

*ഫോണിൽ* പറയുന്നതേക്കാൾ നല്ലതെന്നു കരുതിയാണ് എഴുതിയത്.

ആശ്രമസ്മരണയോടെ
സ്നേഹപൂർവം
എൻ.

21 ജനുവരി 2001

അനുഗൃഹീതയായ എൻ.,

**ഹരിഃ ഓം തത് സത്.** തിയതി വെയ്ക്കാത്ത എഴുത്ത് എന്റെ മുമ്പിലുണ്ട്. നിങ്ങൾ പാലിയ്ക്കുന്ന നിഷ്ഠ, അധ്യാത്മസാധന, അതിന്റെ പോരായ്മകൾ, എല്ലാം കത്തിൽനിന്നു മനസ്സിലാക്കി. ഔദ്യോഗികവിദ്യാഭ്യാസത്തിന്റെ ആവശ്യകത, അതിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ, ഇതേക്കുറിച്ചും പറഞ്ഞുവല്ലോ.

ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും നമ്മുടെ ജന്മവും തുടർന്നുള്ള ജീവിതവും ഇവിടെത്തന്നെയാണ്. ഈ സത്യത്തെ മാറ്റാനോ നിരാകരിയ്ക്കാനോ സാധിയ്ക്കുമോ? അതുകൊണ്ട് ജീവിതത്തെ കുറ്റപ്പെടുത്തി അനിഷ്ടവും വെറുപ്പും തോന്നിയ്ക്കരുത്. ജീവിതത്തിലൂടെ നേടേണ്ടതും തിരുത്തേണ്ടതും മെച്ചപ്പെടുത്തേണ്ടതും, അല്ല, നന്നായി തീർക്കേണ്ടതുമായ കാര്യങ്ങൾ ചെയ്തുകൊണ്ടേയിരിയ്ക്കു. ലോകം നമ്മുടെ മിത്രമാണ്, ശത്രുവല്ല. നിങ്ങൾ ലോകത്തിന്റെയാണ്. ലോകം നിങ്ങളുടേയും. രണ്ടുംതമ്മിൽ നല്ല ഇണക്കമാണ് തോന്നേണ്ടത്.

സാധനയുടെ പേരിൽ ഒന്നിനേയും എതിർക്കാനോ അകറ്റാനോ ശ്രമിയ്ക്കേണ്ട. ദ്വന്ദ്വക്കൂടാരമാണ് ലോകം. ഇതിനർഥം നല്ലവരും അല്ലാത്തവരും നമുക്കു ചുറ്റുമുണ്ടാകും. വിശാലസമൂഹത്തിലോ, നമുക്കുവേണ്ടപ്പെട്ടവരിലോ, സ്വന്തംകുടുംബത്തിലോ പോലും, നല്ലവരും അല്ലാത്തവരുമുണ്ടല്ലോ. സൂക്ഷ്മമായി നിരീക്ഷിച്ചാൽ സ്വന്തംവ്യക്തിത്വത്തിൽത്തന്നെ ഇത്തരം ദ്വന്ദ്വഭാവങ്ങൾ കാണും. ദേഹത്തിലെന്നപോലെ മനസ്സിലും ഇഷ്ടാനിഷ്ടങ്ങൾ ഉണ്ടാകും. എല്ലാറ്റിനും ഒരുനിയമംതന്നെ.

അധ്യാത്മപരിശ്രമത്തിന്റെ രഹസ്യം ദ്വന്ദ്വങ്ങളുടെ വൈശിഷ്ട്യം തിരിച്ചറിഞ്ഞ്, ധന്യത, ഔത്കൃഷ്ട്യം, സാഫല്യം എന്നീ മേന്മകൾ ആർജിയ്ക്കാനായി ഇവയെ വിനിയോഗിയ്ക്കുന്നതിലാണ്. അതെ, ഇതിലുള്ള വൈദഗ്ധ്യവും കലയുമാണ് അധ്യാത്മസമ്പന്നത; അല്ലാതെ, ഒരുവൻ എങ്ങനെയാണ്, ആയിരുന്നു, ആവും എന്നതിലല്ല.

ഇടക്കിടെ സാധനയിൽ താത്പര്യം കുറഞ്ഞുവന്നേയ്ക്കാം; എന്നാൽ മറ്റു ചിലപ്പോൾ വർധിയ്ക്കയും ചെയ്യും. ഇതും ദ്വന്ദ്വങ്ങളുടെ സ്വാധീനംതന്നെ. എന്നാലും ആധ്യാത്മികതയിലുള്ള സ്ഥിരപ്രതിപത്തി മങ്ങിപ്പോകില്ല, തുടർന്നുനില്ക്കും. കാരണം, അതു



മൂല്യനിർണയം, വിലയിരുത്തൽ, ദൃഢനിശ്ചയം എന്നിവയാൽ ഉരുത്തിരിയുന്നതാണ്.

ധവളപുഷ്പം കണ്ട് അതു വെളുത്തതെന്നു നാം പറയുന്നു. അതുപോലെ ലോകത്തെനോക്കി നശ്വരവും ക്ഷണികവുമാണെന്നു മനസ്സിലാക്കി അങ്ങനെ വിളിയ്ക്കുന്നു. എത്ര ശ്രേഷ്ഠന്നും സന്തോഷവാന്നും ഈ ലോകം നശ്വരമാണ്. ഈ വാസ്തവത്തെപ്പറ്റി വിചിന്തനംചെയ്യൂ. അപ്പോൾ അധ്യാത്മാഭിമുഖ്യം ശക്തിപ്പെടും.

ആധ്യാത്മികത ആന്തരപ്രക്രിയയാണ്. അതു സമ്പർക്കങ്ങളേയും അവ വരുത്തുന്ന ഫലങ്ങളേയും കൂടുതൽ കാര്യക്ഷമമേ ആക്കൂ. ലോകത്തിന്റെ നശ്വരതയെപ്പറ്റിയുള്ള വിവേചനം ലൗകികപ്രവൃത്തികൾക്കു പൂരകമാണ്. അങ്ങനെയായാലേ അതിർകവിഞ്ഞ ആശാപാശവും മനോലഗ്നതയും പരിശോധനയ്ക്കു വിധേയമായി സമീകരിയ്ക്കപ്പെട്ടു വൈരാഗ്യജന്യമായ മന:സമ്പന്നതയ്ക്കു കാരണമാകൂ.

ആഴത്തിൽ ചിന്തിച്ചാൽ ഈ പരിണാമത്തിന്റെ സൂക്ഷ്മത മനസ്സിലാകും. സാധനയുടെ പേരിൽ വിഷമിയ്ക്കയോ, ചുറ്റുപാടുകളോടു രുചിക്കേടും വൈമുഖ്യവും കാണിയ്ക്കയോ വേണ്ട. മറിച്ച്, എല്ലാം കണ്ട് സൂക്ഷ്മബുദ്ധിയോടെ സ്വസ്ഥയായിരിയ്ക്കയാണ് വേണ്ടത്.

കൂടുതൽ പഠിയ്ക്കുന്നത് ഏറ്റവും നല്ല സ്കൂളിലായാൽ നന്നായി. അതിനു പറ്റില്ലെങ്കിൽ, അടുത്ത നല്ല കേന്ദ്രം നോക്കുക. എല്ലാവർക്കും ഒന്നാമനാകാൻ സാധിയ്ക്കുമോ, രണ്ടാമന്നും മറ്റും സ്ഥാനമില്ലേ?

ഇവിടെയാണ് അതിമോഹവും തെറ്റായ തീർപ്പും കുഴപ്പം രചിയ്ക്കുന്നത്. താൻ ശരിയ്ക്കും അർഹിയ്ക്കുന്നതു വന്നുകൊള്ളും, ഈ തത്ത്വമോർത്തു സമാധാനിയ്ക്കാൻ പഠിയ്ക്കുക, അർഹപ്പെട്ടതുതന്നെയാണ് ഇപ്പോൾ കിട്ടിക്കൊണ്ടിരിയ്ക്കുന്നത്. എല്ലാ കാര്യത്തിലും ഇതാകണം മനോഭാവം.

അപ്പോൾ മനസ്സ് പ്രബലവും ഗാഢവും ഉത്തുംഗവുമായി പ്രവൃത്തികൾ ഉദാത്തവും ദൃഢവും സമഞ്ജസവുമാകും. വിചാരങ്ങളേയോ പരിശ്രമത്തേയോ ഉത്കണ്ഠ കലുഷിതമാക്കരുത്. ഇക്കാര്യത്തിൽ ഉറച്ചു ഇളക്കമില്ലാതിരിയ്ക്കു. മന:ശാന്തി, സമനില, സ്ഥിരത എന്നതെല്ലാം ആരും അഭിലഷിയ്ക്കുന്ന ഗുണങ്ങളത്രെ.

ഇതിൽ താൻ മോശമാണെന്നു തോന്നേണ്ട. ഒരു സാധകന്ന് എപ്പോഴും ഉന്നതിയേ ഉണ്ടാകൂ, അധ:പതനമില്ല ഒരു കാലത്തും.

സ്നേഹാശംസകളോടെ. നൂതൻസ്വാമിജിയും മാജിയും സ്നേഹാശംസകളറിയിയ്ക്കുന്നു.

അന്തരാത്മാ
**സ്വാമിജി**
പരിഭാഷ - ശിഷ്യന്മാർ

## ആശ്രമലോകത്തെപ്പറ്റി ചില ചിത്രവീക്ഷണങ്ങൾ

- ബ്രഹ്മചാരിണി നമ്രതാസ്വരൂപാ

സംപൂജ്യ സ്വാമിജിയുടെ പ്രവർത്തനമേഖല ലോകവ്യാപകമാകുന്നതോടെ, ആശ്രമത്തിലെ വിവിധ ജോലികളിലും അതിന്നനുയോജ്യമായ വികാസവർധനകളുണ്ടായി. ഗുരുദേവിനെ ആശ്രമത്തിൽ വന്നുകാണാനും, അദ്ദേഹത്തിന്റെ നിസ്തുലമാനങ്ങളെപ്പറ്റി അല്പമെങ്കിലും ഗ്രഹിയ്ക്കാനും അവസരമില്ലാത്ത ഭക്തർക്ക്, വേണ്ടത്ര ആഴവും അർഥവ്യാപ്തിയുള്ളതെങ്കിലും, ചുരുങ്ങിയനാളുകളിൽമാത്രം നടക്കുന്ന ജ്ഞാനയജ്ഞങ്ങൾകൊണ്ട് തൃപ്തിപ്പെടേണ്ടിവരുന്നു.

പൂജ്യസ്വാമിജിയുടെ കഴിഞ്ഞ 50 വർഷത്തിലെ ആശ്രമജീവിതത്തെ ആസ്പദമാക്കി പ്രധാനപ്പെട്ട ചില വിവരണങ്ങൾ 'വിചാരസരണി'യിൽ നല്കുന്നതു ഭക്തന്മാർക്കും സാധകർക്കും സ്വാമിജിയെപ്പറ്റി കൂടുതൽ മനസ്സിലാക്കാൻ സഹായമാകുമെന്നു നൂതൻ സ്വാമിജിയും മാജിയും പറയാറുണ്ട്.

പുതുതായി പണിതീർന്ന 'പ്രജ്ഞാനധാ'മെന്ന ഗുരുവാസസ്ഥാനം ഏപ്രിൽ 18ന് ഉദ്ഘാടനംചെയ്തതോടെ പുതിയ ഓഫീസുകളും സ്ഥലസൗകര്യങ്ങളും ലഭ്യമായി. ഈർപ്പമുള്ള കേരളകാലാവസ്ഥ ബാധിച്ച വിലപ്പെട്ട പല ഫോട്ടോകൾ, എഴുത്തുകൾ, തത്ത്വപ്രവചനങ്ങൾ, *സി.ഡി., കാസറ്റു*കൾ എന്നിവ സംരക്ഷിയ്ക്കാൻ വളരെക്കാലമായി ഉദ്ദേശിച്ചിരുന്ന പരിശ്രമവും അനന്തരം ആരംഭിച്ചു. അപ്പോൾ കാണാനിടയായ വിശേഷപ്പെട്ട ചിത്രങ്ങളും രേഖകളും നല്കിയ സന്തോഷവും സാഫല്യവും മറ്റുള്ളവരുമായി പങ്കുവെയ്ക്കണമെന്നു നമുക്കു തോന്നി.

അങ്ങനെയാണ് ലഘുചിത്രങ്ങളും ലഘുവർണനകളും'വിചാരസരണി'യിൽ പ്രസിദ്ധീകരിയ്ക്കാൻ തീർച്ചയാക്കിയത്. ഈ ലക്കത്തിന്റെ ചട്ടയ്ക്കകത്തും, പുറംചട്ടയിരുവശങ്ങളിലും, ദശാബ്ദങ്ങൾ മുമ്പിലത്തെ വിശേഷപ്പെട്ട ചില ഫോട്ടോകളോടൊപ്പം, മാ ഗുരുപ്രിയാജി എഴുതുന്ന 'എന്റെ ഈശ്വരന്റെ കൂടെ' എന്ന പുസ്തകത്തിൽനിന്ന്, മാജി ആശ്രമത്തിൽ ആദ്യമായി (1986) വന്നപ്പോഴുണ്ടായ ചില അനുഭവങ്ങളും ദൃശ്യങ്ങളും വിവരിയ്ക്കുന്ന ഉദ്ധരണികളുമുണ്ട്:

"..........പലതരം പ്രവർത്തനങ്ങൾക്കിടയിലും സ്വാമിജിയെ സഹജസ്ഥിതി കൈവിടാതെ കാണാൻ കഴിയുന്നതാണ് ഏറ്റവും ധന്യസമ്പന്നമായ അനുഭവം. അപ്രധാനമോ സങ്കീർണമോ ആയ സർവ പ്രവൃത്തികൾക്കിടയിലും സ്വാമിജിയുടെ ബ്രഹ്മനിഷ്ഠ കുറവുവരാതെ പ്രകാശിയ്ക്കുന്നതു കാണുന്നതുതന്നെ, തുലോം പ്രബോധകവും വിസ്മയാവഹവുമാണ്.



"അസ്വാസ്ഥ്യമുളവാക്കുന്ന കാര്യങ്ങൾപോലും സ്വാമിജിയുടെ മനസ്സിനെ ഒരിയ്ക്കലും പ്രക്ഷുബ്ധമാക്കാറില്ല. സന്ദർഭങ്ങൾക്കും ആവശ്യത്തിനും ഉചിതമായി സ്വാമിജി ശുഷ്കാന്തിയോടെ പ്രതികരിയ്ക്കുന്നതു കാണുമ്പോൾ, ആലസ്യവും പാക്ഷികഗണനകളും വെടിഞ്ഞാലുണ്ടാകുമ്പോഴത്തെ സ്വാതന്ത്ര്യം വ്യക്തമാകുന്നു. ഒരു ജ്ഞാനിയ്ക്ക് ഈ ലോകത്തിൽ എങ്ങനെ തീവ്രതയോടെ കർമനിരതനായി കഴിയാനാകുമെന്നതിനു മതിയായ വിശദീകരണമാണ് സ്വാമിജിയുടെ ജീവിതം.

"ആശ്രമസന്ദർശനത്തിനു മുമ്പു തത്ത്വപ്രവചനങ്ങൾക്കിടയിലോ, ഭക്തരുമായി സത്സംഗം നടത്തുമ്പോഴോ ഉള്ള ആധ്യാത്മികാന്തരീക്ഷത്തിലേ ഞങ്ങൾ സ്വാമിജിയെ കണ്ടിട്ടുള്ളു. പല പ്രവർത്തനങ്ങളിൽ മുഴുകുന്ന സ്വാമിജിയെ കാണാൻ ഇപ്പോഴേ ഞങ്ങൾക്കു കഴിഞ്ഞുള്ളു. ശ്രദ്ധേയമായ ഒരു പുതിയ വെളിപാടും അനുഭവവുമായിരുന്നു അത്.

"ഗഹനമായ അധ്യാത്മസംവാദത്തിനിടയിലും സ്വാമിജി ശ്രദ്ധിയ്ക്കേണ്ട ആൾക്കോ പ്രവൃത്തിയ്ക്കോ ആയി എണീറ്റുപോയി വേണ്ടതു ചെയ്കയും, അതുകഴിഞ്ഞു ശ്രദ്ധയിളകാതെ, ഒന്നും സംഭവിയ്ക്കാത്തതുപോലെ സംവാദം തുടരുന്നതും വിസ്മയകരംതന്നെ.

"മുമ്പൊരിയ്ക്കൽ ഞാൻ സ്വാമിജിയോടു ചോദിയ്ക്കയുണ്ടായി. ഞാൻ വായിയ്ക്കുമ്പോഴോ എഴുതുമ്പോഴോ ആരെങ്കിലും വിളിച്ചാൽ, അസ്വസ്ഥതയും കോപവും എനിയ്ക്ക് അനുഭവപ്പെടുന്നു. ഇതെങ്ങനെ നീക്കിയെടുക്കാം?" സ്വാമിജിയുടെ മറുപടി "അതു നല്ലതല്ല, ഒരിയ്ക്കലും കോപാവേശം ഉണ്ടാകരുത്. നോക്കൂ, ഞാൻ *ടൈപ്പ്* ചെയ്യുമ്പോൾ എന്നെ പലപ്പോഴും വിളിയ്ക്കയാൽ എഴുന്നേറ്റു പോകേണ്ടിവരുന്നു. ഉടൻതന്നെ അങ്ങനെ ചെയ്യും, തിരിച്ചുവന്നു വീണ്ടും പൂർത്തീകരിയ്ക്കാത്ത വാചകമോ ഖണ്ഡികയോ എവിടെ നിർത്തിയിരുന്നുവോ, അവിടെമുതൽ *ടൈപ്പു*ചെയ്യാൻ തുടങ്ങും.

"ആദ്യമായി ആശ്രമം സന്ദർശിച്ച എനിയ്ക്ക് അതു മഹത്തായ ഒരു വിജ്ഞാപനമായിരുന്നു. സന്തോഷത്തോടും, ലളിതശീലത്തോടും കൂടി സ്വജീവിതത്തിൽ വരുന്നതെല്ലാം നിർവഹിയ്ക്കുകയെന്നതല്ലേ സകല പ്രവൃത്തികളും കൈകാര്യം ചെയ്യാനുള്ള വിശിഷ്ടരീതി? ഞാൻ വിസ്മയിച്ചു.

"പിന്നീടൊരിയ്ക്കൽ സ്വാമിജി എന്നോടു പറഞ്ഞു: "നിനക്ക് എന്റെ ജീവിതത്തിൽനിന്ന് ഈ പാഠങ്ങൾ ഗ്രഹിയ്ക്കാം:

- കർമങ്ങളാലോ അതിന്റെ ഫലത്താലോ ബന്ധിയ്ക്കപ്പെടാതെ ഈ ലോകത്തിലെ പ്രവൃത്തികളിൽ ഏർപ്പെടാൻ ഒരു മാർഗമുണ്ട്.
- ആഗ്രഹങ്ങൾ പ്രേരകമാകാതെ സ്വാഭാവികതയോടെ പ്രവർത്തിയ്ക്കാൻ സാധ്യമാണ്."

പരിഭാഷ - ശിഷ്യന്മാർ

## വാർത്തകളും കുറിപ്പുകളും

■ **സംസ്കാരപൈതൃകപഠനക്ലാസിലെ** സംസ്കാരപരീക്ഷ, സൗശീല്യം എന്നീ മത്സരങ്ങളിൽ വിജയികളായവർക്കു സമ്മാനങ്ങളും *സർട്ടിഫിക്കറ്റു*കളും സെപ്തംബർ 20നു നല്കി. സ്കൂളിൽ എ+ ഗ്രേഡ് ലഭിച്ച കുട്ടികൾക്കു പ്രോത്സാഹനസമ്മാനങ്ങളും കൊടുത്തു.

തദവസരത്തിൽ പൂജ്യസ്വാമിജി കുട്ടികളെ അഭിസംബോധന ചെയ്കയുണ്ടായി. വായനശീലം വളർത്തി അവരവരുടെ അറിവുമേഖല വികസിപ്പിയ്ക്കാൻ സ്വാമിജി ആഹ്വാനംചെയ്തു. ഈ ലക്ഷ്യത്തോടെയാണ് സമ്മാനപുസ്തകങ്ങളെല്ലാംതന്നെ തെരഞ്ഞെടുത്തത്. സ്വന്തം ജീവിതത്തിലെ എല്ലാ വശങ്ങളിലും അറിവും വിവേകവും അവരെ നയിയ്ക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സ്വാമിജി നിർദേശിച്ചു. അപ്പോഴേ വേണ്ടത്ര മാനുഷമേന്മയും കഴിവും കൈവരൂ.

സംസ്കാരപൈതൃകക്ലാസിൽ വരുന്നവരുടെ കുടുംബങ്ങളിൽ ഗണ്യമായ മാറ്റങ്ങൾ വന്നുകാണുന്നതു ശുഭോദർക്കമാണ്. അച്ഛനമ്മമാർ കുട്ടികളുടെ ചിന്തയിലും പെരുമാറ്റത്തിലുമുള്ള സൗഷ്ഠവം കണ്ട് ആസ്വദിയ്ക്കാൻ തുടങ്ങീട്ടുണ്ട്. സ്വന്തം ശീലത്തിലെ അനാശാസ്യവശങ്ങൾ നിയന്ത്രിയ്ക്കാനുള്ള ആവശ്യവും അവർ അംഗീകരിയ്ക്കുന്നു. മാതാപിതാക്കൾക്കു സന്താനങ്ങളെ വളർത്തുന്നതിൽ കാര്യമായ പവിത്രീകരണം ആവശ്യമാണെന്ന നിർബന്ധം തോന്നുന്നുവെന്നതു സംസ്കാരപൈതൃകക്ലാസിന്റെ നിർണായകസംഭാവനയാണ്.

■ **സെപ്തംബർ 27നു** കൊടകര പുത്തുകാവ് ദേവീക്ഷേത്രത്തിൽ നടന്ന ധർമസദസ്സിനെ പൂജ്യസ്വാമിജി അഭിസംബോധനചെയ്തു.

■ **സെപ്തംബർ 26നു** ശനിയാഴ്ച പനങ്ങാട്ടുകര ശ്രീ കാർത്ത്യായനി ഭഗവതിക്ഷേത്രത്തിൽ ഭക്തജനസദസ്സിനോടു പൂജ്യസ്വാമിജി സംസാരിച്ചു.

■ **സെപ്തംബർ 28ന്** വിജയദശമിനാൾ പൂജ്യസ്വാമിജി വ്യാസതപോവനത്തിൽ കുട്ടികൾക്കു വിദ്യാരംഭം കുറിയ്ക്കയുണ്ടായി.

■ **ഒക്ടോബർ 2** മുതൽ 4 വരെ പൂജ്യസ്വാമിജി ചെന്നൈയിൽ ജ്ഞാനയജ്ഞം നടത്തി ഒപ്പം *എസെൻഷ്യൽ കോൺസെപ്റ്റ്സ് ഇൻ ഭഗവദ്ഗീത വോള്യം - 3, ഡ്രോപ്സ് ഓഫ് നെക്റ്റർ* എന്നീ പുസ്തകങ്ങൾ പ്രകാശനംചെയ്തു.

■ **ഒക്ടോബർ 11** നു പാറളിക്കാട് അന്നക്ഷേത്രത്തിൽ നടന്ന 8-ാം ശ്രീമദ്ഭാഗവതതത്ത്വസമീക്ഷാസത്രം പ്രവർത്തകയോഗത്തിൽ പൂജ്യസ്വാമിജി പങ്കെടുത്തു സംസാരിയ്ക്കയുണ്ടായി.

■ **അന്നേ ദിവസം** വൈകീട്ട് ആശ്രമം വിജ്ഞാനഭവനിൽവെച്ചു പാറളം പഞ്ചായത്തിലെ ധർമസ്നേഹികളുടേയും ക്ഷേത്രഭരണസമിതിയംഗങ്ങളുടേയും യോഗം ചേർന്നു 8-ാം നൈമിഷാരണ്യം ശ്രീമദ്ഭാഗവതതത്ത്വസമീക്ഷാസത്രത്തെ കൂടുതൽ വ്യാപകവും കാര്യക്ഷമവുമാക്കുന്നതേപ്പറ്റി ചർച്ച ചെയ്തു രൂപീകരിച്ച പ്രവർത്തകസമിതിയുടെ കൺവീനറായി വടാശ്ശേരി ശ്രീ തങ്കപ്പനേയും ട്രഷററായി പഴോർ ശ്രീ അപ്പുകുട്ടനേയും തെരഞ്ഞെടുത്തു. താമസിയാതെ അടുത്ത യോഗം കൂടുന്നതായിരിയ്ക്കും.

■ **ഒക്ടോബർ 11** ന്, പൂജ്യസ്വാമിജി ആശ്രമത്തിൽ ഞായറാഴ്ച തോറുമുള്ള വിവേകാചൂഡാമണി തത്ത്വപ്രവചനം നടത്തി. സമയം വൈകീട്ട് 3.30 - 4.45 വരെ.

■ **പൂജ്യസ്വാമിജി** നൂതൻസ്വാമിജിയോടും മാജിയോടൊപ്പം ഒക്ടോബർ 20ന് ഡൽഹി 36-ാം ജ്ഞാനയജ്ഞത്തിനായി തിരിയ്ക്കുന്നതാണ്. നവംബർ 26ന് ആശ്രമത്തിൽ മടങ്ങി എത്തും.

**ശ്രീമദ്ഭാഗവതം പുരാണമമലം യദ്വൈഷ്ണവാനാം പ്രിയം**
**യസ്മിൻ പരമഹംസ്യമേകമമലം ജ്ഞാനം പരം ഗീയതേ**
**തത്ര ജ്ഞാനവിരാഗഭക്തിസഹിതം നൈഷ്കർമ്യമാവിഷ്കൃതം**
**തച്ഛൃണ്വൻ വിപഠൻ വിചാരണപരോ ഭക്ത്യാ വിമുച്യേന്നരഃ**
(12.13.18)

ശ്രീമദ്ഭാഗവതം അതിപവിത്രമായ പുരാണമാണ്. അതു വിഷ്ണുഭക്തന്മാർക്കു വളരെ ഇഷ്ടപ്പെട്ടതത്രെ. അതിൽ പരമഹംസന്മാർ പ്രകീർത്തിയ്ക്കുന്ന ശുദ്ധനിർമലവും പരമവുമായ അദ്വിതീയജ്ഞാനമാണ് ഗാനം ചെയ്യുന്നത്. ആവിഷ്കരിച്ചിട്ടുള്ളതോ, ജ്ഞാനവും ഭക്തിയും വൈരാഗ്യവും ചേർന്നുള്ള നൈഷ്കർമ്യമെന്ന പരമാവസ്ഥയും. അതൊക്കെ കേട്ടു പഠിച്ചു വിചാരംചെയ്യുന്നതിൽ വ്യഗ്രത കാണിയ്ക്കുന്ന നരൻ ഭക്തിയാൽ മോചനം നേടുമെന്നു തീർച്ച.

ശ്രീമദ്ഭാഗവതശാസ്ത്രം പാടുന്നതു പരമജ്ഞാനത്തെയത്രെ. അതേ, ഓരോ വാക്കും, ശ്ലോകവും, ആശയവും അതിന്റെ കൂട്ടായ്മയല്ലേ? അതൊക്കെ ഭക്തിയെ വിവരിച്ചു ഭഗവാനെപ്പറ്റി ഉദ്ബോധിപ്പിച്ച്, ലോകത്തിന്റെ ക്ഷണികത്വം ബോധ്യപ്പെടുത്തി, മനസ്സിൽ വൈരാഗ്യവും ഭഗവദ്രതിയും ഉളവാക്കുന്നു. ശ്രവണം ഇതിനു തുടക്കം, സഹായം, പക്ഷേ പഠനമാണ് അടുത്ത പടി. അപ്പോൾ മനസ്സ് വിചാരലഗ്നവും ദീപ്തവുമാകും. ഇരുട്ടെന്നു തോന്നിയ്ക്കുന്ന സ്വന്തം ഉള്ള് പ്രകാശസാന്ദ്രമാകയായി. ആശയത്തെളിച്ചവും മനോവികാസവും ബുദ്ധിസൂക്ഷ്മതയും ആവോളം പതഞ്ഞു പൊന്തും. മതി, 'ക്ഷ'യായി, ഇനിയൊന്നും വേണ്ട. കൊടുക്കാനും വാങ്ങാനും ഒന്നുമില്ല, എന്നു തോന്നിയ്ക്കുന്ന ഉൾ നിറവും മികവും ആഹ്ലാദോത്സവവും രചിയ്ക്കുന്ന നൈഷ്കർമ്യസിദ്ധികൂടിയാണിത്.

പരീക്ഷിത്തിനു ശുകൻ പറഞ്ഞതു കേട്ടു സിദ്ധിച്ചത് ഇതുതന്നെ. ഏഴാം ദിവസം തക്ഷകൻ കടിയ്ക്കുംമുമ്പേതന്നെ, രാജാവ് ലോകത്തിൽനിന്നു പിൻവലിഞ്ഞ് അന്തരാത്മാവിൽതന്നെ അമർന്നിരുന്നു, ഒന്നുമറിയാതെ, ഉൾനിറഞ്ഞ്! ഏഴുദിവസത്തെ ശ്രീമദ്ഭാഗവതതത്ത്വമൂല്യസിദ്ധാന്തങ്ങൾ കേട്ടു ഗ്രഹിച്ച് ഉള്ളിൽ പതിച്ചതുകൊണ്ടുണ്ടായ നേട്ടമാണിത്! നിങ്ങൾക്കു പരീക്ഷിത്തിനുണ്ടായ വിപത്തില്ലെങ്കിലും, നേട്ടമെന്തിനു കുറയണം?

# ആശ്രമത്തെപ്പറ്റി ചില ചിത്രവീക്ഷണങ്ങൾ

(25-ാം പേജും പുറം ചട്ടയും നോക്കുക)



രാവിലെമുതൽ വൈകീട്ടുവരെ കഠിനജോലികൾക്കു മേൽനോട്ടം വഹിയ്ക്കുന്നതോടൊപ്പം ജോലിക്കാരെ പ്രോത്സാഹിപ്പിച്ചുകൊണ്ട് പൂജ്യസ്വാമിജി.



പാണ്ഡവഗിരിച്ചെരുവിലാണ് ആശ്രമം. 32 അടി ഉയരത്തിൽ കെട്ടിയ കരിങ്കൽ ചുറ്റുമതില്ക്കകത്തുള്ള കുന്നിൻമുകളിലെ പുരാതനദേവീക്ഷേത്രത്തിന്റെ പുനർനിർമാണത്തിൽ സജീവമായി പൂജ്യസ്വാമിജിയും.



അന്നക്ഷേത്രനിർമാണവേളയിൽ (1999) സ്വയംനട്ടുവളർത്തിയ തെങ്ങ് പൂജ്യസ്വാമിജി ആശ്രമജോലിക്കാരോടൊപ്പംനിന്നു വീഴ്ത്തുന്നു.



ക്ഷേത്രാചാരങ്ങളിലും ഉത്സവങ്ങളിലുമുള്ള പഴക്കമേറിയ അന്ധവിശ്വാസങ്ങളെ പിഴുതെറിയുന്നു. കൊടുങ്ങല്ലൂർ തെറിപ്പാട്ടിനെതിരെയുള്ള ധർമയജ്ഞത്തിൽ പൂജ്യസ്വാമിജി 'സംരക്ഷണഅറസ്റ്റു' വരിയ്ക്കുന്നു.